b. a. second year sociology
**STUDENTS**

# Campus Relationship

The argument that the younger generation is not sincere and not giving much importance to relations is gaining otaength.

Hrerase some interesting processed out of the survey conducted in Farook college Campus by BA Second year she dents (1997-98) of sociology.

Data was collected from 100 students of different socio-retigious background. 92% of the students are of theopinion that a healthier relation can be maintained between boys and girls. The number of boys and girls who supported this view is equal. But only 55% of them believe that they can understand each other and share ther problems with full hearf of these 76% are boys and 94% are girls. Some students are of the opinien that these may be limitations in such relations.

13% if the students who participated in the survey strongly believed that a friendship between a boy and a girl will lead to a love affair. 12% of the students were not sure whether it will lead to an affair and said that it depended on the urumstances 75% of th e students strongly opposed this view. ofthese 66% are boys and 84% are girls.

Our socety is till not ready to accept that a boy and a girl can have a bealthy frindship Majority of the people are not ready to have such a friendly relation with the opposite sex. But in Farook college, 82% of the students claimed that they have a healthy friendship 88% of the boys and 76% of the girls have this opinian.

It was found that the campus does not give much value to long lasting relations. Only 56% girls and 70% boys wish continue thier frindship in future. On the whole only 63% want to maintain their friendship.

It is seen in the survey that thier age nos religion affects friendship between the opposite sex Eventhough a majority of the students support a healthy friendship only a small percetage wish to continue if In interesting discovery grom the survey was that 100% of the P.G.students supported a hoalthy friendship but only 50% wished to maintain it.

| Response | Boys | Girls | Total |
|---|---|---|---|
| Healthy friendship can exit between boys & girls | 46% | 46% | 92% |
| Sharing & understanding is possible | 76% | 94% | 85% |
| Will not lead to love affair | 66% | 84% | 75% |
| Can have healthy friendship | 88% | 76% | 82 % |
| Will maintain the friendship | 70% | 63% | 66 % |

അനുഭവം

ഷെറീനാബാനു സി. പി.

# കാമ്പസ് ആശ്വാസത്തണൽ മരം





കാമ്പസ് വർണ്ണപ്പകിട്ടുകളുടെ ലോകം. ഉല്ലാസത്തിൻെറ ആഹ്ലാദത്തിൻെറ കൊച്ചു ലോകം. ഇവിടെ എല്ലാവരും സജീവം. ചിലർ മുമ്പിലുള്ള ലക്ഷ്യത്തിലെത്താനുള്ള തത്രപ്പാടിൽ, ചിലർ സ്വന്തംപ്രതിഭ തെളിയിക്കാനുള്ള അവസരങ്ങൾ തേടുന്നു. ഒരു കൂട്ടർക്ക് കലാലയ ജീവിതം എൻട്രസ് പരീക്ഷയുടെയും, ട്യൂഷൻ ക്ലാസ്സിൻെറയുമൊപ്പം ഒരു വിശ്രമവേള.ചിലർ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള തിരക്കിൽ എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായൊരു കൂട്ടരുണ്ട്. അവർക്ക് കലാലയം ഒരു രക്ഷാകേന്ദ്രം.

കലാലയം ഒരു അഭയകേന്ദ്രം തന്നെ. സാന്ത്വനത്തിൻെറ, ആശ്വാസത്തിൻെറ, തണൽ മരം. ആർപ്പുതിമിർപ്പുകൾക്ക് ഇടയിൽ, ഒറ്റയാന്മാരായി, അകത്തെ വിഷാദം പുറത്താരു ചിരിയിൽ ഒതുക്കി നിൽക്കുന്നവർ ക്യാമ്പസിലുണ്ട്. മൃദുല വികാരങ്ങൾക്ക് പോറലേറ്റിട്ടില്ലെങ്കിൽ ഒരിട കണ്ണുതുറന്നു നിങ്ങൾക്കു ചുറ്റും നോക്കൂ. ഇവരിലൊരാളെ കാണാൻ കഴിയും. മരുഭൂമിയിൽ ഒരു തുള്ളി ദാഹജലത്തിനെന്ന പോലെ, ഒരൽപ്പം തണലിനായി അവർ ദയനീയമായി നോക്കുന്നുണ്ടാവും. ഒരു ചെറിയ പുൽതുമ്പ് നീട്ടിയാൽ അവർക്കത് ആശ്വാസത്തിൻെറ പൊൻ കമ്പായി മാറും. പക്ഷേ, അതൊക്കെ കാണാൻ ആർക്കുണ്ട് സമയം? കണ്ടാൽ തന്നെ കണ്ടില്ലെന്ന് നടിക്കുന്നു. ആഹ്ലാദം നിറഞ്ഞ കലാ

Campus Relationship

ലയ ജീവിത സത്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ തണൽ മരമായ് നിന്ന ചിലരെ കുറിച്ച് വിദ്യാർത്ഥികൾ ഓർമ്മിക്കുന്നു.

നഗരത്തിലെ ഒരു കോളേജിൽ രണ്ടാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിനിയായ ലത മനസ്സ് തുറക്കുന്നു: "അച്ഛൻ മുഴുകുടിയനാണ്. ദരിദ്ര കുടുംബത്തിലെ അംഗമായ എനിക്ക് തന്നെ നിശ്ചയമില്ലായിരുന്നു പഠനം എത്രവരെ മുമ്പോട്ട് പോകുമെന്ന്. നരച്ച വസ്ത്രവും, പുസ്തകവും, ഒഴിഞ്ഞ വയറുമായി പടിയിറങ്ങുമ്പോൾ പിന്നിൽ നിന്ന് പ്രാകുന്നത് കേൾക്കാം. 'ഇനി ഇവള് പഠിച്ചിട്ട് വേണമായിരിക്കും ഈ വീട് നന്നാവാൻ. കഞ്ഞിക്ക് വകയില്ലാത്തപ്പഴാണ് അവളുടെ ഒരു പഠിത്തം.' മദ്യത്തിന്റെ ലഹരിയിൽ മർദ്ദിച്ച് അവശരാക്കപ്പെടുന്ന അമ്മക്കും അനിയത്തിമാർക്കും പ്രതീക്ഷ നൽകാനും, എല്ലാം സഹിക്കാനും തളരാതെ മുമ്പോട്ട് പോകാനും കഴിയുന്നതിനു കാരണം കൂട്ടുകാരാണ്. എന്റെ ദു:ഖത്തിൽ അലിയുന്ന കൂട്ടുകാരി". കോളേജിലെത്തുമ്പോൾ ദു:ഖങ്ങൾ എല്ലാം മറന്ന് പുതിയ ഉണർവ്വോടെ ജീവിതത്തെ നേരിടുവാൻ ആ കൂട്ടുകാരി കെൽപ്പാകുന്നു. വീട്ടിലെ ശ്വാസം മുട്ടിക്കുന്ന അന്തരീക്ഷത്തിൽ നിന്ന് കുറച്ച് സമയത്തേക്കെങ്കിലും മോചനം. ലതയ്ക്ക് കലാലയം ഒരഭയ കേന്ദ്രമാകുന്നത് ഇതുകൊണ്ട് തന്നെ.

പക്ഷേ, മത്സരം നിറഞ്ഞ അന്തരീക്ഷത്തിൽ ശ്വാസം വിടാൻ സമയമില്ലാതെ വരുമ്പോൾപലരും ഒറ്റപ്പെടുന്നു. അവനവനിൽ നിന്നു പോലും ഒറ്റപ്പെടുന്നു. കാരണങ്ങൾ പലതാണ്. മനസ്സുകൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന മരവിപ്പ് തന്നെയാണ് പ്രധാന കാരണം. ഒരുവന്റെ ദു:ഖം മറ്റുള്ളവരിൽ വികാരങ്ങളുണ്ടാക്കുന്നില്ല. നഗരവൽക്കരണവും ആധുനികതയും കൃത്രിമമായ ജീവിതരീതിയുമെല്ലാം അവനവനിലേക്കു തന്നെ ചുരുങ്ങാൻ കാരണമാകുന്നു. മഹാത്മജിപറഞ്ഞു: "നമുക്ക് ഒന്നാമത് വേണ്ടത് കൊടുക്കാൻ ഒരു ഹൃദയമുണ്ടാവുക, എന്നതാണ്", എന്നാൽ ഭൗതീക ജീവിതത്തിൽ മാത്രം ഊന്നിയുള്ള ജീവിതം മനുഷ്യരെ യന്ത്രങ്ങളാക്കി മാറ്റുകയാണ്.

ബി.എ. സാമ്പത്തിക ശാസ്ത്രത്തിന് പഠിക്കുന്ന സൽമയുടേത് ഒരു യാഥാസ്ഥിതിക കുടുംബമാണ്. നന്നായി പഠിക്കും എന്ന കാരണം കൊണ്ടല്ല പഠിക്കാൻ വിടുന്നത്. തറവാടിന്റെ ആഢ്യത്തം നിലനിർത്താൻ പെൺകുട്ടികൾ കുറച്ച് പഠിച്ചിരിക്കുന്നത് നല്ലതാണെന്ന കാരണവരുടെ നിഗമനമാണ് കാരണം. പതിനെട്ട് വയസ്സ് തികഞ്ഞ് വിവാഹം നടക്കുന്നത് വരെ ശ്വസിക്കുവാൻ കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യം -സൽമയ്ക്ക് കോളേജ് മറ്റൊന്നായിരുന്നില്ല. ജീവിതം തുടങ്ങുന്നതിന്റെ മുമ്പുള്ള ഒരു ഇടത്താവളമാണ് ഇവർക്ക് കലാലയം. കൈയാമവുമായി നിൽക്കുന്ന പോലീസ്കാരനോട് അവസാനമായി ഞാനൊന്ന് ദീർഘമായി ശ്വസിച്ചോട്ടെ എന്ന് പറയുന്നത് പോലെ.

മറ്റൊരു കോളേജിൽ ബി.എസ്സ്.സി രണ്ടാംവർഷക്കാരിയായ സുജാതയുടെ പ്രശ്നം മറ്റൊന്നാണ്. വിദ്യാസമ്പന്നരാണ് സുജാതയുടെ മാതാപിതാക്കൾ. എല്ലാവരോടും തുറന്നു സം



സാരിക്കുന്ന പ്രകൃതമായതു കൊണ്ട് ഒരു പാട് കൂട്ടുകാരുമുണ്ട്. ആൺകുട്ടികളോട് സംസാരിക്കുന്നത് അച്ഛനിഷ്ടമല്ല. ഏതെങ്കിലും ആൺകുട്ടി വീട്ടിലേക്ക് ഫോൺ ചെയ്താൽ നൂറുകൂട്ടം ചോദ്യങ്ങളാണ്. ഫോണിലൂടെ എന്തു പറയുന്നു എന്നു കേൾക്കാൻ ചെവിവട്ടം പിടിച്ചു നിൽക്കുന്ന അച്ഛൻ വിദ്യാസമ്പന്നനായ ഉയർന്ന ഉദ്യോഗസ്ഥനാണെന്ന് പറയുമ്പോൾ വിശ്വസിക്കാൻ പ്രയാസം.

സുജാതയുടെ മനസ്സ് ശുദ്ധമാണ്. പക്ഷേ, ആവശ്യമില്ലാതെ ഇങ്ങനെ സംശയിക്കുമ്പോൾ, അതിന്റെ പേരിൽ വഴക്ക് കേൾക്കേണ്ടി വരുമ്പോൾ, ആത്മാഭിമാനത്തിന് മുറിവേൽക്കുന്നു. ഒരാൺകുട്ടിയോട് സംസാരിക്കുന്നത് ഇത്ര വലിയ തെറ്റല്ലെന്ന വസ്തുതയിരിക്കെ അങ്ങനെ ചെയ്താൽ തെറ്റാണ് എന്ന് പഠിപ്പിക്കുന്ന ചുറ്റുവട്ടം. ഫലമോ ആധുനിക യുഗത്തിൽ പഴയ രീതികളെ എത്രമാത്രം ഉൾക്കൊള്ളാനാവുമെന്ന് മനസ്സിലാക്കാതെ വിലക്കുകൾ അടിച്ചേൽപ്പിക്കപ്പെടുമ്പോൾ അനുഭവിക്കുന്ന മാനസിക സംഘർഷം. ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുക എന്ന സഹിക്കാൻ കഴിയാത്ത അവസ്ഥ.

'പരീക്ഷയിൽ ജയിക്കാൻ പുസ്തകം നോക്കി പഠിക്കാം. പക്ഷേ, ജീവിതമെന്ന പരീക്ഷ ജയിക്കാൻ ഏത് പുസ്തകത്തിൽ നോക്കും?' മാനസിക സംഘർഷം പഠനത്തെ സ്വാധീനിക്കാൻ തുടങ്ങി. എല്ലാവരോടും വെറുപ്പ് തോന്നിത്തുടങ്ങി. അത് ആത്മനിന്ദയിലേക്കും നീങ്ങി. കൂട്ടുകാരിയാണ് കോളേജിലെ കൗൺസലിങ് സെന്ററുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചത്. കൗൺസലിങ് സെന്ററിലെ അദ്ധ്യാപകന്റെ വാക്കുകൾ സുജാതയ്ക്ക് പുതു ജീവൻ നൽകുകയായിരുന്നു.

അതേ കോളേജിലെ അറബിക് ബിരുദപഠനം നടത്തുന്ന മാലിക്കിനും കോളേജ് സാന്ത്വനമാണിന്ന്. ബിസിനസ്സ്കാരനായ ബാപ്പ വീട്ടിൽ കാണു



ക അപൂർവ്വമാണ്. പണമെണ്ണി തിട്ടപ്പെടുത്തുന്നതിനിടയ്ക്ക് സ്നേഹം കൊടുക്കാൻ മറന്നുപോയ ബാപ്പ. സൽക്കാരങ്ങൾക്കായി മാറ്റിവെച്ചതാണ് ഉമ്മയുടെ ദിവസങ്ങൾ. ആരോടെങ്കിലും മാലിക്ക് സംസാരിക്കുന്നത് തന്നെ അപൂർവ്വമാണ്.

എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മാർക്ക് കുറവായ മാലിക്കിനെ ശുപാർശ നടത്തി പ്രീഡിഗ്രിക്ക് ബയോളജി ഗ്രൂപ്പിൽ ചേർത്തി. മകൻെറ താൽപര്യങ്ങൾ മനസ്സിലാക്കുന്നതിലുപരി, തൻെറ പദവിക്കനുസ്സരിച്ചുള്ള പഠനം നിർദ്ദേശിക്കുകയായിരുന്നു അയാൾ. സയൻസ് വിഷയങ്ങൾ തനിക്ക് പഠിക്കാൻ പറ്റുന്നില്ല എന്ന് പറയാൻ പേടിയായിരുന്നു മാലിക്കിന്.

വീട്ടിൽ അധികമാരോടും സംസാരിക്കാത്ത മാലിക്കിന്, കൂട്ടുകാർ കോളേജിലാണ്. ഹോസ്റ്റലിൽ കഴിയുന്ന മാലിക്കിന് രണ്ടു മൂന്ന് ദിവസത്തിൽ കൂടുതൽ വീട്ടിൽ നിന്നാൽ പിന്നെ എങ്ങനെയെങ്കിലും തിരിച്ച് കോളേജിലെത്തുവാനുള്ള വ്യഗ്രതയാണ്. ശ്വാസം മുട്ടുമ്പോൾ വീട്ടിൽ നിന്ന് മടങ്ങും. പരീക്ഷയുടെ മാർക്ക് വീട്ടിലെത്തിയപ്പോഴാണ് പ്രശ്നമായത്. ബാപ്പയുടെ ശകാരം. ആത്മഹത്യ ചെയ്യുന്നതിനെ കുറിച്ച് മാലിക്ക് ആലോചിച്ചു, പലവട്ടം. ഒരദ്ധ്യാപകനാണ് മാലിക്കിൽ അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചത്. പ്രശ്നത്തെ അഭിമുഖീകരിക്കാനുള്ള ധൈര്യം നൽകിയത്. മാലിക്ക് മൗനം ചോദിക്കുന്നു: "എന്നെ മനസ്സിലാക്കാത്ത വീടോ, എനിക്ക് ആശ്വാസമേകുന്ന കോളേജോ ഞാൻ ഇഷ്ടപ്പെടേണ്ടത്".

വീട്ടിൽ രക്ഷിതാക്കളും വിദ്യാലയങ്ങളിൽ അദ്ധ്യാപകരുമാണ് ആത്മ പ്രകാശനത്തിനുതകുന്ന സാഹചര്യം വിദ്യാർത്ഥികൾക്ക് ഒരുക്കിക്കൊടുക്കേണ്ടത്. എന്നാൽ മക്കളെ പുസ്തകപ്പുഴുവാക്കി മാറ്റാനാണ് പല രക്ഷിതാക്കൾക്കും താൽപ്പര്യം. സ്നേഹമെന്നത് വിൽപ്പനചരക്കാക്കപ്പെട്ട സമൂഹത്തിൽ ആത്മ ബന്ധങ്ങൾക്ക് വില നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാതാപിതാക്കൾക്ക് മക്കളെ നോക്കാൻ സമയമില്ല. കുട്ടികൾക്ക് സ്നേഹവും പരിഗണനയും ഏറ്റവുമധികം ലഭിക്കേണ്ട കാലമാണ് കൗമാരം. എന്നാൽ ആരും പരിഗണിക്കാനോ മനസ്സിലാക്കാനോ ഇല്ല എന്ന വിചാരം അവർക്ക് വീട് വിട്ടിറങ്ങാൻ, പുതിയ തണൽ മരങ്ങൾ തേടാൻ പ്രേരണ നൽകുന്നു.

സ്വന്തമായി ഒരു തീരുമാനമെടുക്കാനാവാതെ, പങ്കുവെയ്ക്കുവാൻ നല്ലൊരു സുഹൃത്തിനെ കിട്ടാതെ പ്രശ്നങ്ങളെ മനസ്സിൽ തന്നെ കൊണ്ടു നടക്കുന്നവരാണ് കാമ്പസ്സിലുള്ള പലരും. കുട്ടികളുടെ വിഷമങ്ങൾ മനസ്സിലാക്കാനും, കേൾക്കാനും രക്ഷിതാക്കൾക്ക് സമയമില്ല. കുട്ടികളും രക്ഷിതാക്കളുമായിട്ടുള്ള ആശയവിനിമയം കുറഞ്ഞു കുറഞ്ഞു വരികയാണ്. കുട്ടികൾക്ക് മാതാപിതാക്കൾ കൂട്ടുകാരനും സഹായിയുമെല്ലാമായിരുന്നത് വെറും സ്വപ്നമാണിന്ന്.

വിദ്യാർത്ഥികളെ സഹായിക്കാൻ ഒരു പരിധിവരെ അദ്ധ്യാപകർക്ക് സാധിക്കും. എന്നാൽ കുട്ടികളുടെ മന:ശാസ്ത്രവും നവീന അദ്ധ്യാപന മുറകളും അദ്ധ്യാപന തൊഴിൽ ലഭിക്കുന്നതോടു കൂടി പലരും മറക്കുന്നു. അദ്ധ്യാപനവും ഒരു വ്യവസായമായി മാറിയിരിക്കുന്നു. വിദ്യാർത്ഥികളെ മനസ്സിലാക്കുകയും അവരുടെ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗവും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുവാനുള്ള സന്മനസ്സുള്ള അദ്ധ്യാപകരിന്നെത്രയുണ്ട്?

ജീവിതത്തിൻെറ എല്ലാ മേഖലകളും സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നു. ബന്ധങ്ങളും അതിൽ നിന്ന് മുക്തമല്ല. കരാറടിസ്ഥാനത്തിലുള്ള വിവാഹ ബന്ധങ്ങൾ വരെ ഉള്ള ഈ കാലത്ത്, ആർക്കും എപ്പോഴും കടന്നുചെല്ലാനും സഹായം തേടാനുമുതകുന്ന സംവിധാനമാണാവശ്യം. സുഖമുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കാതെ, കുഞ്ഞുണ്ണി മാഷ് പറഞ്ഞത് പോലെ "ദു:ഖം ഉണ്ടാവട്ടെ" എന്ന് പ്രാർത്ഥിച്ച് അതിനെ ധൈര്യത്തോടെ അഭിമുഖീകരിക്കുകയാണെങ്കിൽ നമുക്ക് ആരുടെയും സഹായം ആവശ്യം വരില്ല. എന്നാൽ കൗമാരപ്രായത്തിൽ സ്വന്തമായി ഒരു തീരുമാനം എടുക്കാൻ എത്ര പേർക്ക് കഴിയും? അകത്തും പുറത്തുമുള്ള പ്രശ്നങ്ങൾ പഠനത്തെ ബാധിക്കാതെ മുമ്പോട്ട് കൊണ്ടു പോകാൻ എത്ര പേർക്ക് സാധിക്കും?

അവിടെയാണ് കൗമാരപ്രായക്കാർക്ക് കൗൺസലിങ്ങ് (Counselling) അനിവാര്യമായി വരുന്നത്. മന:ശാസ്ത്രപരമായ ഒരു സമീപനം വഴി പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള മനോധൈര്യം കൗൺസലിങ്ങിലൂടെ നൽകാനാവും. കോളേജുകളിൽ ഒരു കൗൺസലിങ്ങ് കേന്ദ്രം, ഇന്ന് അനിവാര്യമായി വന്നിരിക്കുന്നു. താൽപ്പര്യമുള്ള ഒരദ്ധ്യാപകന് പരിശീലനം നൽകിയാൽ, ഇതിൻെറ ചുമതല ഏൽപ്പിക്കാനാവും. ഈ അദ്ധ്യാപകർക്ക്, രക്ഷിതാക്കളെ സ്വാധീനിക്കാൻ, അവരിൽ അനുകൂലമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞേക്കും.

വീട്ടിൽ പോകാൻ വിസമ്മതിച്ച് കൂടുതൽ സമയം കോളേജിൽ ചിലവഴിക്കുന്നവരെ കണ്ടാൽ ഇനിയൊന്ന് ശ്രദ്ധിക്കുക. കുഴഞ്ഞ് മറിഞ്ഞ ചില പ്രശ്നങ്ങളുമായി നടക്കുന്ന അവരിൽ പലരും താൽക്കാലികമെങ്കിലും ഒരഭയ കേന്ദ്രത്തിന് കൊതിച്ചു നടക്കുന്നവരായിരിക്കും. ■

ബി. എ. രണ്ടാംവർഷം, മലയാളം
ഷംസുദ്ദീൻ. പി, പ്രവീൺകുമാർ. പി

# ഇന്നിന്റെ കാമ്പസ്

ടി.വി. കൊച്ചുബാവ

ആലങ്കോട് ലീലാകൃഷ്ണൻ

ജോയ് മാത്യു

പോൾ കല്ലാനോട്

സുധീഷ്

കെ.പി. സുധീര



സമൂഹത്തിന്റെ കണ്ണാടിയാണ് കാമ്പസ്. ഒരു പുത്തൻ തലമുറയെ വാർത്തെടുക്കേണ്ടത് ഇവിടെവെച്ചാണ്. കാമ്പസിന്റെ ഇടുങ്ങിയ മുറികൾക്കുള്ളിലും ലാബിലെ ആസിഡ് ഗന്ധങ്ങൾക്കിടയിലും ഒതുങ്ങിനിൽക്കുകയാണോ ഇന്നത്തെ കാമ്പസ്? പഠനം തൊഴിൽ നേടാൻ വേണ്ടി മാത്രമാകുമ്പോൾ, ഓരോ വ്യക്തിയും അവരവരിലേക്ക് ഒതുങ്ങുകയും ലോ

കം അവർക്കു മുമ്പിൽ വളരെ ചെറുതാവുകയും ചെയ്യുകയല്ലേ?

ഈ കാമ്പസ് പടവുകൾക്ക് ഒരുപാട് കടംകഥകൾ പറയുവാനുണ്ട്. നമുക്ക് മുമ്പെ, ഈ ഇടനാഴിയിലൂടെ തലമുറകൾ കടന്നുപോയിരുന്നു. കാമ്പസ് ഇന്നത്തേക്കാൾ സജീവമായിരുന്ന അന്ന് കലയുണ്ടായിരുന്നു, ചുരുട്ടിയ മുഷ്ടിക്കുള്ളിലും തീ തുപ്പുന്ന മുദ്രാവാക്യങ്ങളിലും ആത്മാർത്ഥതയുടെ നനവുണ്ടായിരുന്നു, പ്രണയപുഷ്പങ്ങൾ വിരിഞ്ഞുനിൽക്കുന്ന കാമ്പസ്മുറ്റത്തെ ഓരോ മൺതരിക്കും സ്പന്ദനമുണ്ടായിരുന്നു. ഇതെല്ലാം പഴയവരുടെ വെറും അവകാശവാദങ്ങളോ?

ആത്മസുഹൃത്തിൻെറ രക്തം കത്തിമുനയിൽ നിന്നും നിസ്സംഗതയോടെ ഒഴുക്കിക്കളയുന്ന കൗമാരക്കാരൻെറ ചിത്രം വർത്തമാനകാമ്പസിൻെറ ഉപരി, പുതിയ തലമുറയുടെ ചിത്രം കൂടിയാണ്. മുകളിൽ ഡമോക്ലിസിൻെറ വാളുപോലെ ഈ ചിത്രം തൂങ്ങിനിൽക്കുന്നു. കടമ്മനിട്ടയും ചങ്ങമ്പുഴയും ഒരിക്കൽ ഈ ഇടനാഴികളെ സാന്ദ്രമാക്കിയിരുന്നു. ഇന്ന്, അലീഷാചിനോയിയും, മൈക്കൽ ജാക്സനും ഇവിടേക്ക് കുടിയേറിപ്പാർത്ത് കാമ്പസ് ചുമരുകളെപ്പോലും ത്രസിപ്പിച്ചുകൊണ്ടിരിക്കുന്നു.

കാമ്പസിൻെറ ഈ നവ സാഹചര്യത്തിൽ പ്രശസ്തരായ് കലാ-സാഹിത്യകാരന്മാരുടെ പ്രതികരണമെന്ത്? അവർ കാമ്പസിനെ എങ്ങിനെ നോക്കിക്കാണുന്നു? ഇനിയൊരു തിരിച്ചുപോക്കിൻെറ ആവശ്യമുണ്ടോ? ഇങ്ങനെ ഒരുപാട് ചോദ്യങ്ങൾ. പ്രതികരിച്ചവർ പലരും എഴുപതുകളിലെ കാമ്പസിൻെറ വസന്തകാലം അനുഭവിച്ചവർ. നഷ്ടസ്വർഗ്ഗത്തെക്കുറിച്ച് ഗൃഹാതുരതയോടെ, പുതിയ തലമുറയുടെ അലക്ഷ്യമായ യാത്രയിൽ തെല്ല് പരിഭവത്തോടെ അവരുടെ മുഖമൊഴി........



## 1 രാഷ്ട്രീയം

# ക്രമങ്ങൾ അക്രമങ്ങളാക്കുന്ന കാമ്പസ് രാഷ്ട്രീയം


സുധീര

നമ്മുടെ സാംസ്കാരിക അടിത്തറയുടേയും പാരമ്പര്യത്തിൻെറയും ഗുണവശങ്ങളുടെ ദുരന്തഭൂമിയായി കാമ്പസ് മാറിക്കൊണ്ടിരിക്കുന്നു. ഇതിന് കാരണങ്ങൾ പലതാകാം. ശരിയായ രാഷ്ട്രീയവൽക്കരണത്തിൻെറ അഭാവം അരാഷ്ട്രീയവാദത്തിൻെറ കടന്നുകയറ്റം ഇങ്ങനെ പലതും.....

പ്രശസ്ത കഥാകാരി കെ.പി. സുധീര പറയുന്നു. "നിർഭാഗ്യവശാൽ ഇന്ന് ഭാരതീയരുടെ വിദ്യാഭ്യാസം ലക്ഷ്യബോധമില്ലാതായിട്ടുണ്ട്. കരുത്തുറ്റ അടിത്തറയിൽ പടുക്കുന്ന പദ്ധതിക്കു മാത്രമേ ഉറച്ച വിദ്യാഭ്യാസസംസ്കാരം നേടാനാകൂ. വിദേശരാഷ്ട്രങ്ങളെ അപേക്ഷിച്ച് അക്കാര്യത്തിൽ നാം നിർഭാഗ്യവാന്മാർതന്നെ. പാഠപുസ്തകങ്ങളിൽ നിന്നും പഠിച്ചു



കഴിഞ്ഞതെല്ലാം മറന്നതിന് ശേഷം മനസ്സിലെന്താണോ ശേഷിക്കുന്നത് അതാണ് യഥാർത്ഥ വിദ്യാഭ്യാസം എന്ന് വിഖ്യാതചിന്തകനായ ഹാസ്‌ലിറ്റ് പറയുകയുണ്ടായി. യഥാർത്ഥവിദ്യാഭ്യാസത്തിനേ യഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കാനാവുകയുള്ളൂ. കലാലയങ്ങളിൽ ആരോഗ്യകരമായ രാഷ്ട്രീയവൽക്കരണം കൊണ്ട് ഒരു തെറ്റുമില്ല. എന്നാൽ സീമകൾ ലംഘിക്കപ്പെടുമ്പോൾ ക്രമങ്ങൾ അക്രമങ്ങളാവുന്നു". ■



# ഭരണസാരഥികൾക്കെന്തിന് രാഷ്ട്രീയം?

സുധീഷ്

കാമ്പസുകൾക്ക് പരിചിതനായ ചലച്ചിത്ര നടൻ സുധീഷ്, "കാമ്പസിന് ഭരണസാരഥികൾ ആവശ്യമാണെന്ന് സമ്മതിക്കുന്നു. പൊളിറ്റിക്സ് ആയുധമാക്കണമെന്നില്ല. നല്ല ആൾക്കാരെ സെലക്ട് ചെയ്യണം. രാഷ്ട്രീയത്തിലൂടെ ആകാം വേണമെന്നില്ല". സുധീഷിൻെറ ഈ അഭിപ്രായത്തോട് എത്രപേർ യോജിക്കുമെന്നറിയില്ല. കാരണം രാഷ്ട്രീയ സംഘടന എന്നു പറയുമ്പോൾ അതിന് ചില ചട്ടങ്ങളും ഭരണഘടനയും ഉണ്ടാകും. കേരളത്തിലെ അല്ലെങ്കിൽ ഇന്ത്യയിലെ മൊത്തം കാമ്പസിൻെറ മൊത്തം പ്രവർത്തനമാണ് പരിഗണിക്കുന്നതെന്നത് മറന്നുകൂടാ. ■



# മത തീവ്രവാദത്തിന്റെ കാമ്പസ്

**ലീലാകൃഷ്ണൻ**


യുവകവി ആലങ്കോട് ലീലാകൃഷ്ണൻ ഭീതിയോടെയാണ് നോക്കിക്കാണുന്നത്. "ഇന്നത്തെ കാമ്പസുകളിൽ മതാത്മക തീവ്രവാദം ശക്തിപ്പെട്ടുവരുന്നു. മതത്തെ ആധാരമാക്കിയുള്ള സംഘടനകൾ കൂടിവരുന്നു. നമ്മൾ ഒഴിപ്പിച്ച പിശാചുക്കൾ സമൂഹത്തിലേക്ക് തിരിച്ചുവരുന്നു. അതിന്റെ സ്വാധീനം വിദ്യാർത്ഥി സംഘടനകളിൽ ഉണ്ട്. ഇത് അപകടകരമാണ്. ഇതിന് വിദ്യാർത്ഥികളെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം സമൂഹം അത്രമേൽ മാറിയിരിക്കുന്നു. ഗുണകരമായ രാഷ്ട്രീയം ആവശ്യമാണ്." ■

# ആരോഗ്യകരമായ രാഷ്ട്രീയത്തിന്റെ അഭാവം

**കൊച്ചുബാവ**



പ്രശസ്ത കഥാകൃത്ത് ടി.വി. കൊച്ചുബാവ പറഞ്ഞു: "കാമ്പസ് പഠനകാലത്ത് രാഷ്ട്രീയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടല്ല വിദ്യാർത്ഥികൾ രാഷ്ട്രീയത്തിലേക്കിറങ്ങുന്നത്. ഈ സമയത്താണ് ചിന്തകൾ പുഷ്ടിപ്പെടാൻ തുടങ്ങുന്നത്. പല വിദ്യാർത്ഥികളും പെട്ടെന്ന് ഇമേജുണ്ടാക്കാനുള്ള വഴി എന്ന നിലക്കാണ് രാഷ്ട്രീയത്തിലിറങ്ങുന്നത്. അവരുടെ അപക്വത മൂലം കാമ്പസിൽ കൊലയാളി രാഷ്ട്രീയവും അടിപിടി രാഷ്ട്രീയവും രൂപപ്പെടുന്നു. എന്നാൽ രാഷ്ട്രീയവുമായി ബന്ധപ്പെട്ട കുടുംബാന്തരീക്ഷത്തിൽ വളരുന്ന വിദ്യാർത്ഥിക്ക് രാഷ്ട്രീയത്തെക്കുറിച്ച് ബോധമുണ്ടാകുന്നു. അവന് ആരോഗ്യകരമായ രാഷ്ട്രീയം നിലനിർത്താനും കഴിയുന്നു. അങ്ങനെയുള്ള വിദ്യാർത്ഥികൾ ഉണ്ടാകണം. ആരോഗ്യകരമായ രാഷ്ട്രീയം കാമ്പസിൽ ആവശ്യമാണ്." ■



# ഇടപെടാത്ത വിദ്യാർത്ഥി സമൂഹം

**ജോയ് മാത്യു**

"വിദ്യാർത്ഥി സമൂഹം ഇന്നത്തെ ഒരു പ്രശ്നത്തിലും ഇടപെടുന്നില്ല എന്നും, എന്നാൽ പണ്ട് തങ്ങളുടെ കാലത്ത് ഇങ്ങനെയായിരുന്നില്ല എന്നുമാണ് നാടകകൃത്തും പഴയകാല കാമ്പസ് തീവ്രവാദ രാഷ്ട്രീയ പക്ഷത്തിന്റെ അമരക്കാരനുമായ ജോയ് മാത്യുവിന്റെ അഭിപ്രായം. ■

# 2 പ്രണയം

# പ്രേമിക്കാത്തവർ ഷണ്ഡർ



**ജോയ് മാത്യു**

എല്ലാ അതിരുകൾക്കുമപ്പുറം തങ്ങളുടേതായ ഒരു ലോകം തീർക്കുന്ന പ്രണയജോഡികൾ ഇന്നലെകളിലെ കാമ്പസിന്റെ ഒരു ചിത്രമായിരുന്നു. എന്നാൽ ഇന്ന് ആ കാഴ്ച നേർത്ത് നേർത്ത് ഇല്ലാതായിരിക്കുന്നു. ഇന്നത്തെ പ്രണയം നുരഞ്ഞ് പൊങ്ങുന്ന പെപ്സിയിലോ ഒരു കപ്പ് ഐസ്ക്രീമിലോ ഒതുങ്ങിപ്പോകുന്നുവോ?

കാമ്പസ് പ്രണയത്തെക്കുറിച്ച് സംസാരിച്ച് തുടങ്ങിയപ്പോൾ ജോയ് മാത്യു വാചാലനായി, അദ്ദേഹം ഞങ്ങൾക്ക് മുന്നിൽ ചില നിർദ്ദേശങ്ങൾ വെച്ചു. "കാമ്പസിൽ പ്രേമിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഇന്ന് അവിടെ കാണാത്തത് പ്രേമം മാത്രമാണ്.

പ്രേമിക്കാത്ത തലമുറ ഷണ്ഡമായ തലമുറ. പ്രേമത്തിലൂടെ മാത്രമേ കാമ്പസിൽ നിന്നും ഒരു കലാപം സാധിക്കൂ.

കേരളത്തിൽ ഒരിടത്തും സൈ്വരമായി ഒരാണിനും പെണ്ണിനും ചെന്നിരിക്കാനുള്ള സ്വാതന്ത്ര്യമില്ല" ജോയ്മാത്യു പറഞ്ഞു. ■

# എല്ലാം വഴിപാടാക്കുന്ന തലമുറ

## കൊച്ചുബാവ

കോഴ്സുകളുടെ ദൈർഘ്യം മാത്രമുള്ള ഇന്നത്തെ പ്രണയത്തിൽ ആത്മാർത്ഥതക്ക് അൽപം പോലും സ്ഥാനമില്ല? പഴയകാലങ്ങളിലെ കാമ്പസ് പ്രണയങ്ങൾ തീവ്രമായിരുന്നോ? ആ പഴയ കാലങ്ങളെ ഓർത്തുകൊണ്ട് കൊച്ചുബാവ സംസാരിച്ചുതുടങ്ങി. "കാൽപനികത പൂർണ്ണമായും വിട്ടുപോയ ഒരു തലമുറയാണ് ഇന്നത്തെ കാമ്പസിലുള്ളത്. അതുകൊണ്ടുതന്നെ പല എഴുത്തുകാർക്കും ഭാവന നഷ്ടമായിരിക്കുന്നു. പലരും തങ്ങളുടെ സൃഷ്ടികളോട് നീതിപുലർത്തുന്നതേയില്ല. പ്രണയം എന്നുള്ളത് കാമ്പസ് ജീവിതത്തിൽ നിന്ന് തന്നെ അന്യമായിരിക്കുന്നു. കാമ്പസ് വിട്ട് ഇറങ്ങേണ്ട പരുക്കൻ വഴികളെക്കുറിച്ച് അവർ ബോധവാന്മാരാകുകയും അതിനാൽ കിട്ടുന്ന സമയം സന്തോഷകരമായി ചിലവഴിക്കാനും അവർ ആഗ്രഹിക്കുന്നു. മെക്കാനിസം, കമ്പ്യൂട്ടർ എന്നിവ അവരെ കീഴടക്കുന്നു. കാമ്പസിനു പുറത്തുള്ള ജീവിതസത്യങ്ങൾ കണ്ടറിയുന്നവർ വളരെ ചെറിയ സമയത്തിനുള്ളിൽ വളരെയധികം നേടാൻ യത്നിക്കുന്നു. ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ അവർ ശ്രദ്ധിക്കുന്നേയില്ല. സ്വപ്നം കാണുന്ന ജീവിതം പാലം വലിച്ചുനീക്കിയപോലെ നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് എല്ലാ കാര്യങ്ങളും വഴിപാടുകൾ മാത്രമാണ്. കൂടാതെ ഇന്നത്തെ ജീവിത പരിതസ്ഥിതികൾ തന്നെ മാറിയിരിക്കുന്നു. സിനിമ, 116 ടി.വി ചാനൽ, സെൻസേഷൻ ന്യൂസ്, ഗോസിപ്പ് മുതലായവയിൽ അഭിരമിക്കാനാണ് ഇന്നത്തെ തലമുറ തിടുക്കംകൂട്ടുന്നത്. ■

# വേരുകളില്ലാത്ത സ്നേഹബന്ധങ്ങൾ

## സുധീര

പ്രണയത്തെക്കുറിച്ച് നമുക്കുള്ള സങ്കൽപം പാടേ തകർന്നിരിക്കുന്നു. കവിയുടേയും കഥാകൃത്തുക്കളുടെയും സങ്കൽപത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കാമ്പസ് പ്രണയത്തെക്കുറിച്ച് സംസാരിച്ചപ്പോൾ നനവുള്ള ഹൃദയത്തോടെ സുധീര പറഞ്ഞുതുടങ്ങി. "പ്രണയത്തിനു വേണ്ടി രക്തം ചൊരിഞ്ഞവരും, ജീവൻ ചൊരിഞ്ഞവരും, പ്രാണൻ കരിഞ്ഞവരും എല്ലാം കടങ്കഥകൾ മാത്രമായ്തീരുകയാണെന്നാണ് തോന്നുന്നത്. കാമ്പസുകളിൽ ഹൃദയസൂനത്തെ അറുത്തെടുത്ത് ആത്മാവിൽ ചൂടാൻ വെമ്പുന്ന കാമുകഹൃദയങ്ങളില്ല എന്ന് നിങ്ങളിൽ നിന്നുതന്നെ അറിയുന്നത് വിസ്മയകരമായ് തോന്നുന്നു. മനുഷ്യഹൃദയങ്ങൾ എത്രമാത്രം വറ്റിവരണ്ടിരിക്കുന്നു എന്നതിൻെറ സൂചനയാണിത്. നനവറ്റ ഹൃദയങ്ങൾ, വേരുകളില്ലാത്ത സ്നേഹബന്ധങ്ങൾ - 'സ്ഥിരസൗഹൃദമാന്തരാത്മികം' എന്ന് വിശ്വസിക്കുന്ന എന്നെപ്പോലുള്ളവരെ ഇത് ആഴത്തിൽ വേദനിപ്പിക്കുന്നു. ക്ലേശപൂർണ്ണമായ ഈ ജീവിതത്തിലെ അമൂല്യമായ പാരിതോഷികമത്രേ യഥാർത്ഥ സ്നേഹം. പ്രണയപ്രേരണകൾ ക്ഷണിക ജീവിതത്തെ ശ്ലാഘിക്കുന്ന ഉത്സവങ്ങളാണ്. പക്ഷേ, ഇന്ന് യഥാർത്ഥ പ്രണയത്തിൻെറ ചന്ദനസുഗന്ധമെവിടെ? സുഖം അന്വേഷിച്ചുള്ള യാത്രയിൽ യുവഹൃദയം പ്രണയാനുഭൂതിയുടെ സ്വതന്ത്ര സ്വർഗ്ഗമല്ല തേടുന്നത്. അവന് ഉടലിൻെറ അനുഭൂതി പ്രപഞ്ചം മാത്രം മതി. അതായത് ഇന്ന് പലയിടത്തും പ്രേമം ആത്മനിഷ്ഠമല്ല. സൗന്ദര്യനിഷ്ഠമാണ് എന്നർത്ഥം. ഇന്ദ്രിയശമനം ആത്മതലങ്ങളെ അറിയുന്നില്ല. മസോക്കിസംപോലെ പ്രണയവും ഒരു മനോരോഗമെന്ന് ഭാവിയിൽ അവർ പറയും. ആധുനികമനുഷ്യൻ പ്രായോഗികമതിയാണ്. പ്രത്യക്ഷദർശനത്തിലെ സ്നേഹത്തിൽ അവൻ വിശ്വസിക്കുന്നില്ല. പ്രേമിക്കുംമുമ്പ് പ്രണയിതാവിൻെറ ജാതി, മതം, ധനസ്ഥിതി ഇതൊക്കെ അന്വേഷിക്കാറുണ്ടെന്ന് അനുഭവസ്ഥർ പറയുന്നു. മമതാപാശങ്ങളുടെ താമരനൂലുകളെ താലോലിക്കുവാനും അവൻെറ പ്രായോഗികബുദ്ധിക്ക് മനസ്സില്ല. ■

# കമ്പോളവൽക്കരിക്കപ്പെട്ട പ്രണയം

## ലീലാകൃഷ്ണൻ

ആലങ്കോട് ലീലാകൃഷ്ണൻെറ കവിഹൃദയം പരിതപിക്കുന്നു. "മുതലാളിത്തം ഈ കാലഘട്ടത്തെ അടക്കിവാഴുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ പ്രണയം പോലും കമ്പോളവൽക്കരിക്കപ്പെട്ടിരിക്കുന്നു. ദൈവം പോലും വിനിമയ മൂല്യമായി മാറിയിരിക്കുന്നു. നമ്മുടെ സൗന്ദര്യം മുതലാളിത്തത്തിൻെറ നിയന്ത്രണത്തിലാണ്. നമ്മൾ എന്ത് കാണണം, നമ്മൾ ഏത് പൗഡർ ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നത് നമ്മളല്ല. ഇതിൻെറയൊക്കെ പ്രായോജകർ അഥവാ മുതലാളിമാർ ദൈവത്തെപ്പോലെ നില നിൽക്കുന്നു. ഇപ്പോൾ പ്രണയിക്കുന്നവർ നോക്കുന്നത് തനിക്കുണ്ടാകുന്ന മെച്ചമെന്ത് എന്നാണ്. സമൂഹത്തിൻെറ മാറ്റം കൊണ്ടാണിങ്ങനെ സംഭവിച്ചത്. ■

# ആത്മാർത്ഥതയറ്റ പ്രണയം

**പോൾ കല്ലാനോട്**

സ്നേഹത്തിന്റെ അഭാവത്തെക്കുറിച്ച് അവൻ ബോധവാനല്ല. കവി സങ്കൽപങ്ങളിൽ മാത്രം നിലനിൽക്കുന്ന പ്രണയമെന്ന പരിശുദ്ധവികാരത്തെക്കുറിച്ച് പോൾ കല്ലാനോടിന്റെ പ്രതികരണം: "സമൂഹത്തിന്റെ മാറ്റം കാമ്പസുകളിൽ പ്രതിഫലിക്കുന്നു. എന്തുകൊണ്ടോ പണ്ടുണ്ടായിരുന്ന ആത്മാർത്ഥതയൊന്നും ഇന്ന് കാമ്പസ് പ്രണയങ്ങൾക്കില്ല. വിദ്യാർത്ഥികൾ ഇതിന് കുറ്റക്കാരാണ് എന്ന് പറയാൻ പറ്റില്ല. എല്ലാം പുതിയ സംസ്കാരത്തിന്റെ ഭാഗമാണ്." ■

# പ്രേമിക്കാൻ കോളേജിൽ വരരുത്

**സുധീഷ്**



ഇവരിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തമായ അഭിപ്രായം പുലർത്തുന്നു സിനിമാതാരം സുധീഷ്. "ഞാൻ ദേവഗിരി കോളേജിൽ പഠിച്ചതുകൊണ്ട് അന്ന് അവിടെ പ്രേമിക്കാനൊന്നും ചാൻസുണ്ടായിരുന്നില്ല. പിന്നെ പുറമെ ചില ചെറിയ കളിയൊക്കെ കളിക്കാം. എല്ലാവരും പ്രണയത്തിന്റെ മൂല്യം നശിച്ചിരിക്കുന്നു എന്നൊക്കെ പറയുമ്പോൾ പ്രേമിക്കാൻവേണ്ടി മാത്രം കാമ്പസിൽ വരരുത്" എന്നാണ് ഈ കലാകാരൻ പുഞ്ചിരിയോടെ പറയുന്നത്. ■

3 സർഗ്ഗരചന

# ഉപഭോഗ സംസ്കാരത്തിന്റെ പിടിയിൽ

**സുധീര**

സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ വിളനിലമായിരുന്ന നമ്മുടെ കാമ്പസ് ഇന്ന് നിമിഷാർദ്ധ ഫാഷൻ സംസ്കാരത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും വളക്കൂറുള്ള മണ്ണായി അനുദിനം മാറ്റപ്പെട്ടുകൊണ്ടിരിക്കുകയല്ലേ? സുധീര ഇന്നത്തെ കാമ്പസിനെ നോക്കിക്കാണുന്നതിങ്ങനെയാണ്. "ധർമ്മത്തിന്റെ കണ്ണുകൾ പൊട്ടിപ്പോകുന്ന കാലമാണിത്. ധർമ്മത്തേക്കാൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് ധർമ്മസങ്കടങ്ങളാണ്. ഉപഭോഗസംസ്കാരം പലപ്പോഴും നമ്മുടെ കർമ്മശേഷിയുടെ ശവക്കുഴി തോണ്ടുകയാണ്. ഭൗതികതയാണ് ഈ ആസുരസംസ്കൃതിയുടെ ദുരന്തം. പ്രകടനാത്മകതയുടെ പ്രതീകമായിത്തീരുന്നു യുവതലമുറക്ക്, ഇന്ന് ഫാഷൻ. സിനിമയുടേയോ പരസ്യത്തിന്റെയോ മാതൃകയാവുക എന്ന ഹീന സംസ്കാരമാണ് ഇളം തലമുറക്കാരുടെ ഹൃദയത്തിൽ വേരോടുന്നത്. അവബോധത്തിന്റെ ആവേശം നശിച്ച അവർ ഫാഷന്റെ അന്ധവും ജടിലവുമായ തരംഗങ്ങളിലേക്കാണ് വലിച്ചെറിയപ്പെടുന്നത്. കലയുടേയും സംസ്കാരത്തിന്റെയും വളക്കൂറുള്ള മണ്ണ് അവന് അന്യമാവുകയാണ്. കല നമ്മുടെ സംസ്കാരത്തിന്റെ വേരുകളെ മണ്ണിലുറപ്പിച്ച് നിർത്തുന്നുവെന്ന സത്യം അവൻ അറിയണം. അനന്തവിശാലമായ ഈ ലോകം അവനായി വിഭവങ്ങളൊരുക്കി കാത്തിരിക്കുകയാണ് എന്ന് മറക്കരുത്. അവൻ ആഗ്രഹിക്കുന്നതെന്തോ അത് ലഭിക്കേണ്ടതിലേക്ക് ആത്മവിശ്വാസവും, ഇച്ഛാശക്തിയും, അവൻ ആർജ്ജിച്ചെടുക്കേണ്ടതുണ്ട്. ജീവിതത്തിൽ ഉൽകൃഷ്ടമൂല്യങ്ങൾ എന്തൊക്കെയെന്ന് അന്വേഷിക്കുകയും, അറിയുകയും, അംഗീകരിക്കുകയും വേണം. പ്രതിഭയുടെ പാദമുദ്രകൾ പതിഞ്ഞുകിടക്കുന്ന കാമ്പസ് അങ്കണങ്ങൾ ഒരിക്കലും അചേതനമായിത്തീരില്ല എന്ന ഉത്തമവിശ്വാസം എനിക്കുണ്ട്. യുവമനസ്സുകളിലെ ചേതസ്സും ചേതനയും ജ്വലിച്ചുയരട്ടെ. സൽപഥങ്ങൾ തേടിയുള്ള യാത്രയിലൂടെ സ്വന്തം ഭാഗധേയം അവൻ സൃഷ്ടിച്ചെടുക്കട്ടെ. ■

# പഠനം പരീക്ഷയ്ക്കു മാത്രം

**ജോയ് മാത്യു**

പരീക്ഷയ്ക്കുവേണ്ടിയുള്ള പഠനം മാത്രമല്ലേ നമ്മുടെ കാമ്പസുകളിൽ നടക്കാറുള്ളൂ? പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞാൽ അത് അവരിൽ ഉയർന്ന ബോധം ഉണ്ടാക്കുന്നതിനും, സമൂഹനന്മക്കുവേണ്ടി പ്രവർത്തിക്കാൻ അവന് കരുത്ത് നൽകുകയും ചെയ്യുകയില്ലേ? ജോയ് മാത്യു പറയുന്നു. "വിദ്യാർത്ഥികൾ പരീ

ക്ഷാ പഠനത്തിൽ മാത്രം ഒതുങ്ങിനിൽക്കാതെ പാഠ്യേതരവിഷയത്തിലും ഇടപെടണം. പ്രഭാഷണം, സെമിനാറുകൾ, നല്ല ക്ലാസുകൾ തുടങ്ങിയവ കുട്ടികൾക്ക് വളരെയധികം പ്രയോജനപ്പെടും. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടണം.” ■

# നല്ലത് സ്വീകരിക്കുക

## സുധീഷ്

സിനിമകൾ കണ്ട് വിദ്യാർത്ഥികൾ അഥവാ പുതിയ തലമുറ വഴിതെറ്റുന്നു എന്നതിനെതിരെ ശക്തമായി പ്രതികരിക്കുകയാണ് സുധീഷ്. സിനിമയെ സിനിമയായ്ക്കണ്ട് അതിൻെറ നല്ല വശങ്ങൾ ജീവിതത്തിൽ പകർത്തിയെടുക്കുക. മോശം വശങ്ങളിലേക്ക് ശ്രദ്ധയെ കൊണ്ടുപോകരുത്. സിനിമ ഒരു എൻറർടെയ്നറാണ്. നിർമ്മാതാവിന് മുടക്കുമുതൽ തിരിച്ചുകിട്ടാൻ വേണ്ടി അതിൽ പലരും ചേർത്തെന്നിരിക്കും. അതിൽ നല്ലത് മാത്രം നാം സ്വീകരിക്കുക. വഴിതെറ്റിപ്പോകുന്നത് വ്യക്തികളുടെ ഉൾക്കൊള്ളലുകളുടെ വികലതകൊണ്ടാണ്. ഫാഷൻ അന്ധമായ് അനുകരിക്കരുത് - അനുകരിക്കാം. നമുക്ക് എന്നും നല്ലത് മലയാളമാണ്. നമ്മുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കണം. വെസ്റ്റേൺ സംസ്കാരവുമായി യോജിക്കാൻ കഴിയില്ല. സന്ദേശം കുത്തിനിറക്കുന്ന സിനിമ മാത്രം ആസ്വദിക്കാൻ പറ്റില്ല. ■



# ചോദ്യങ്ങൾ ചോദിക്കുക

## ലീലാകൃഷ്ണൻ

നമ്മുടെ പഴയ വിദ്യാഭ്യാസസമ്പ്രദായമായിരുന്നല്ലോ ഗുരുകുലവിദ്യാഭ്യാസം. അവിടെ അനുസരിക്കുക മാത്രമേ ഉണ്ടായിരുന്നുള്ളു. ചോദ്യങ്ങളില്ലായിരുന്നു. ചോദ്യങ്ങൾ ചോദിക്കാൻ വെമ്പുന്ന ഒരു സമൂഹത്തിൽനിന്നല്ലേ ഉയർച്ചയുണ്ടാകൂ? പുതിയ കാമ്പസ് വിദ്യാർത്ഥികളോട് ആലങ്കോട് ലീലാകൃഷ്ണൻ പറയുന്നു: “ഉപാധിയില്ലാത്ത കാര്യങ്ങൾക്ക് നേരെ കലാലയങ്ങളുടെ വാതിലുകൾ തുറന്നുകൊടുക്കുക. ചെകുത്താനെയും ദൈവത്തെയും കടക്കാനനുവദിക്കുക. എ ല്ലാ ദർശനങ്ങളെയും സ്വീകരിക്കുമ്പോൾതന്നെ, അവയിൽ വ്യക്തിത്വപരമായ കാഴ്ചപ്പാട് കൂട്ടിച്ചേർക്കുക.” ■



# മായുന്ന ചിത്രകല


## പോൾ കല്ലാനോട്

എഴുപതുകളിൽ നമ്മുടെ കാമ്പസുകളിൽ ചിത്രകലക്ക് വളക്കൂറുള്ള മണ്ണായിരുന്നു. എന്നാൽ ഇന്നോ? ചിത്രകാരൻകൂടിയായ പോൾ കല്ലാനോട്. “പത്ത് വർഷം മുമ്പ് കാമ്പസുകളിൽ ചിത്രപ്രദർശനക്യാമ്പുകൾ നടത്തിയിരുന്നു. പുതിയ മാധ്യമങ്ങളുടെ പിടിച്ചകയറ്റവും അദ്ധ്യാപകരുടെ അനാസ്ഥയും ചിത്രകലാക്യാമ്പുകൾ ക്ഷയിക്കാൻ പ്രധാന കാരണമാണ്. ഗുരുവായൂരപ്പൻ കോളേജിൽ വർഷത്തിൽ ഒരിക്കൽ ചിത്രകലാക്യാമ്പ് നടത്തുന്നുണ്ട്. വളരെ നല്ല നിലയിലാണത് നടക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും വേറെ വേറെ ക്യാമ്പുണ്ട്. ശോഭീന്ദ്രൻ എന്ന അദ്ധ്യാപകൻെറയും സഹപ്രവർത്തകരുടെയും കഴിവാണതിനു പിന്നിൽ. ചിത്രകലയിൽ താൽപര്യമുള്ളവരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കിയെടുത്താൽ ഇത് സാധ്യമാണ്. ഈ കൂട്ടായ്മയിൽ ഇല്ലാത്തവർ മോശക്കാരാണെന്ന മനോഭാവം വളർത്തിയെടുത്താൽ അല്ലെങ്കിൽ ഇത് നിർബന്ധമാണെന്ന് മനസ്സിലാക്കിയാൽ എല്ലാ വിദ്യാർത്ഥികളും ഇതിനോട് സഹകരിക്കും.”

നമ്മുടെ കോളേജുകളിൽ കലാപ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ടോ? നമ്മുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന നാടൻകലകളും നൃത്തങ്ങളും നാടകങ്ങളും ഇന്ന് നമുക്കന്യമായിരിക്കുന്നു. പകരം പാശ്ചാത്യ കലാരൂപങ്ങൾ കടന്നുവന്നിരിക്കുന്നു. ഇത് ഗുണപരമായ ഒരു മാറ്റമാണോ? ■

# നശിക്കുന്ന നാടകം

## ജോയ് മാത്യു



കാമ്പസ് സ്റ്റേജിൽ നിന്ന് അന്യമായ്ക്കൊണ്ടിരിക്കുന്ന മറ്റൊരു കലാരൂപമാണ് നാടകം. അമേച്വർ നാടകരംഗത്ത്, രചനയിലും സംവിധാനത്തിലും അഭിനയത്തിലും പ്രവർത്തിച്ച ജോയ് മാത്യു അറിയിച്ചു. "നാടകം കോളേജുകളിൽ നിന്ന് മാത്രമല്ല പുതിയ സൊസൈറ്റിയിൽ നിന്നും പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. ഇന്ന് നാടകം കാണാനാളില്ല. ടി.വി ചാനലുകളും സിനിമയും തരുന്ന സുഖം നാടകം തരുന്നില്ല എന്ന മനോഭാവമാണ് മനുഷ്യർക്ക്. പിന്നെ സമയമില്ലാത്തത് കൊണ്ട് ജനങ്ങൾക്ക് നാടകത്തിന് പോകാനോ കാണാനോ കഴിയുന്നില്ല. പിന്നെ നാടകത്തെ രക്ഷപ്പെടുത്താൻ നാം രണ്ടു മൂന്നു പേർ വിചാരിച്ചാൽ കഴിയുന്നതല്ല. നശിക്കുകയാണെങ്കിൽ അത് നശിക്കട്ടെ. അതുമായ് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുകൊണ്ട് എന്നേപ്പോലുള്ളവർക്ക് അല്പം വേദന തോന്നിയെന്നുവരാം. എല്ലാവരിലും സ്വാർത്ഥതയുണ്ട്. എഴുത്തുകാർ മുഴുവനും വിൽപനക്കാരാണ്. നമ്മെ ഭരിക്കുന്നത് മുഴുവൻ കച്ചവടമാണ്. വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധം വേണം. ഞാൻ തന്നെ പാപം തീർക്കാൻ വേണ്ടി എഴുതുന്ന ഒരു വ്യക്തിയാണ്." ■

# കാമ്പസ് രചനകളുടെ അഭാവം

## പോൾ കല്ലാനോട്

കാമ്പസ് പശ്ചാത്തലമാക്കി കൂടുതൽ സാഹിത്യകൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ? നമ്മുടെ ഒട്ടുമിക്ക സിനിമകളിലും കാമ്പസ് കടന്നുവരാറുണ്ട്. എന്നാൽ കഥ, നോവൽ, കവിത ഇവയിൽ ഏത് ശാഖയിലാണ് കാമ്പസിന്റെ തുടിപ്പുകൾ കൂടുതൽ കേൾക്കാൻ കഴിയുന്നത്. പോൾ കല്ലാനോട് ഇക്കാര്യത്തെക്കുറിച്ച് ചിന്തിച്ചിട്ടില്ലെങ്കിലും "നോവലിൽ കുറവാണെ"ന്ന് അദ്ദേഹം പറഞ്ഞു " കോളേജുകളിൽ കോളേജ് ഫണ്ട് മുതലായവ ഉപയോഗിച്ച് നോവൽ മത്സരങ്ങൾ സംഘടിപ്പിക്കുക. കോളേജ് വിദ്യാർത്ഥികൾതന്നെ അവരുടെ ജീവിതം പകർത്തുക. വിപണനമാർഗ്ഗങ്ങളും (പ്രസിദ്ധീകരണം) അവാർഡുകളും നൽകുക. അങ്ങനെയാണെങ്കിൽകാമ്പസ് രചനകൾ കൂടുതലുണ്ടാകും. ■

4 വായന

# വായനയ്ക്ക് മരണമില്ല

## കൊച്ചുബാവ

വായന മരിച്ചുകൊണ്ടിരിക്കുന്നു എന്നും ഇല്ല എന്നും ഉള്ള ചർച്ച സജീവം. ടി.വിയും സിനിമയും ഇതിന് കാരണക്കാരാണെന്ന് പറയുമ്പോൾ ഗൗരവ വായനക്കാർ എപ്പോഴും വായിച്ചുകൊണ്ടിരിക്കുമെന്ന് മറ്റുചിലരും പറയുന്നു. പൊതുവെ വിദ്യാർത്ഥികളിലും മറ്റും വായന കുറയുന്നതിന് ടി.വി. തുടങ്ങിയ മാധ്യമങ്ങൾ കാരണമാകുന്നുവോ? കൊച്ചുബാവ പറയുന്നതിങ്ങനെയാണ്. "ഒരു മീഡിയത്തിന്റെ കടന്നുകയറ്റവും വായനയെ നശിപ്പിക്കുകയില്ല. വായിക്കുന്നവർ വായിക്കുക തന്നെ ചെയ്യും. എന്റെ വീട്ടിൽ സകലചാനലുകളും ദൂരദർശനും ഉണ്ടായിട്ടും ഞാൻ വായിക്കുന്നു. ഒരു നല്ല വായനക്കാരന് വായിക്കുന്നത് മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്നു. ടെലിവിഷൻ വിപ്ലവം തുടങ്ങിയ കാലത്ത് വായനയെ ബാധിച്ചിരുന്നു. അവസാനം ടെലിവിഷൻ വിട്ട് വീണ്ടും ജനങ്ങൾ പുസ്കങ്ങളിലേക്ക്കടന്നു വന്നിരിക്കുന്നു. ■

# പുറത്തേക്ക് നോക്കുന്ന കാമ്പസ്

## കൊച്ചുബാവ

കവിതയിലാണ് കൂടുതൽ കാമ്പസ് കാണുന്നത് എന്നും എന്നാൽ കാമ്പസിലുള്ള എഴുത്തുകാരായ കുട്ടികൾ പോലും കാമ്പസിനെക്കുറിച്ചെഴുതുന്നില്ല എന്നും കൊച്ചുബാവ പരാതിപ്പെടുന്നു. ഈ എഴുത്തുകാരൊക്കെ കാമ്പസിലിരുന്ന് പുറത്തേക്ക് മറ്റൊന്നിനും പ്രാധാന്യം കൊടുക്കാതെ കുട്ടികൾക്ക് പ്രാധാന്യം കൊടുക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ■

# അക്ഷരങ്ങളുടെ വെളിച്ചം

## സുധീര

ഗൗരവ വായനക്കാർ എന്നും വായിച്ചുകൊണ്ടിരിക്കുമെന്നും എന്നാൽ വിദ്യാർത്ഥികളെ സിനിമ, ടി.വി. തുടങ്ങിയ മാധ്യമങ്ങളുടെ കടന്നുകയറ്റം അവരുടെ വായനയെ പരിമിതപ്പെടുത്തുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സുധീര പറയുന്നു. "ദൃശ്യമാധ്യമങ്ങൾ നമ്മുടെ വായനയെ മാത്രമല്ല സംസ്ക്കാരത്തെത്തന്നെ ഹനിക്കുന്നുണ്ടെന്ന് പറയാം. ഭൗതീകതയെ ഭോഗപരതയോളം അധ:പതിപ്പിക്കുകയാണ് പരസ്യസംസ്ക്കാരം. ഇളം തലമുറയുടെ സിരകളിൽ ലൈംഗിക അരാജകത്വം കുത്തിനിറക്കുന്ന തരം സിനിമാരംഗങ്ങളും പരസ്യങ്ങളും ടെക്നോളജിയുടെ ശാപമായ്ത്തീരുന്നു. സ്വന്തം ശരീരത്തിൻെറ ഗുപ്തതയിലും വിശുദ്ധിയിലും പെൺകുട്ടിക്ക് വിശ്വാസമില്ലാതെയാവുന്നു. കാരണം അവൾ വളരുന്നത് പെൺശരീരത്തിൻെറ പരസ്യമായ പ്രകടനങ്ങൾ കണ്ടിട്ടാണ്. സഭ്യമല്ലാത്ത സിനിമാരംഗങ്ങൾ ഒഴിവാക്കാനും തടയാനും നമ്മുടെ സർക്കാറും ഒന്നും ചെയ്ത് കാണുന്നില്ല. അപ്പോൾ പിന്നെ നാം തന്നെയല്ലേ നമ്മുടെ വീട്ടുമുറ്റത്ത് വിഷച്ചെടി നടുന്നത്? ടി.വി.യും സിനിമയും ഉണ്ടായാലും അറിവിനായി പൊരിയുന്ന മനുഷ്യന് വായിക്കാം. ടി.വി.യിൽ നിരവധി ചാനലുകൾ ദിനംപ്രതി ഉണ്ടായിവരുന്നുണ്ട്. എന്നിട്ടും നിരന്തരം ഇറങ്ങുന്ന പുസ്തകങ്ങൾ വിറ്റഴിഞ്ഞുകൊണ്ടിരിക്കുകയാണ്. വായന മരിച്ചിട്ടില്ല എന്നതിന് വേറെ തെളിവെന്ത് വേണം? നമ്മുടെ ഇളം കുഞ്ഞുങ്ങളെയാണ് ദൃശ്യമാധ്യമങ്ങൾക്ക് പിറകെ ഭ്രാന്തെടുത്തോടാൻ അനുവദിക്കാതെ രക്ഷിച്ചെടുക്കേണ്ടത്. അക്ഷരങ്ങൾ വെളിച്ചമാണെന്ന് അവൻ അറിയണം. ഈ അവബോധം രക്ഷിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും അവന് കിട്ടണം. സാഹിത്യം മനുഷ്യന് രസാനുഭൂതി പകരുന്നു. അത് ആനന്ദത്തിൻെറ ഒരു ലോകം തന്നെ സൃഷ്ടിക്കുന്നു. ആ നിലക്ക് മനുഷ്യൻ നിലനിൽക്കുന്നേടത്തോളം സാഹിത്യവും ഉണ്ടാകും. അതിൻെറ പ്രഭാ പ്രഭാവം ആസ്വദിക്കവാനും ആളുണ്ടാവും." ■

# വായന മരിക്കുന്നു

## പോൾ കല്ലാനോട്

സ്വന്തം അനുഭവത്തിൽ നിന്നാണ് പോൾ കല്ലാനോട് വായന മരിച്ചുകൊണ്ടിരിക്കുന്നു എന്ന് കാണിച്ച് തരുന്നത്. "ആനി ഹാളിലുള്ള മേനോൻെറ കാലിക്കറ്റ് ബുക്ക് ക്ലബിലും റീഡിങ്ങ് ഹാളിലും പുസ്തകം റീഡ് ആൻറ് റിട്ടേൺ സംവിധാനമായിരുന്നു. പണ്ടൊക്കെ അവിടെ ചെല്ലുമ്പോൾ മേനോന് ശ്രദ്ധിക്കാൻ പലപ്പോഴും കഴിയാറില്ല. ഇപ്പോൾ അവിടെ തിരക്കില്ല. നമ്മളെ കിട്ടിയാൽ സംസാരിച്ചുകൊണ്ടിരിക്കും. വർത്തമാന കാല സമൂഹം അലസതയുടെ ലോകത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. വളരെ വായിക്കുന്നവരുണ്ട്, അവരെ ഈ രംഗത്ത് നിന്ന് പിടിച്ചു വലിക്കാൻ കഴിയില്ല. മൊത്തത്തിൽ വായന കുറവാണ്. അനുദിനം വർദ്ധിച്ചുവരുന്ന പുസ്തക വിലയും പിന്നെ വിദ്യാർത്ഥികൾക്കും മറ്റുംസമയക്കുറവുമാണ് കാരണങ്ങൾ. ■

*മലയാളത്തിലെ പ്രശസ്തരായ കലാകാരന്മാരിലൂടെ വർത്തമാനകാല കാമ്പസ് തെളിയുന്നു. ഇവരിൽ നിറയുന്ന ഇന്നിൻെറ ചിത്രം, ആശയുടേതല്ല; പ്രതീക്ഷകളുടേതല്ല. സജീവതയും സർഗ്ഗചൈതന്യവും വരണ്ടു തുടങ്ങിയ കാമ്പസ് എന്നത്, എന്നത്തേയും പോലെ പിന്തിരിഞ്ഞ് നോക്കുന്നവരുടെ ഗതകാല പ്രേമത്തിൽ നിന്നും തള്ളിത്തെറിക്കുന്ന വികാരാവേശമാണെന്ന്, ചിലരെങ്കിലും പറഞ്ഞേക്കും. കാമ്പസ് ഇന്ന് സജീവമാണെന്നും, ചൈതന്യ പൂർണ്ണമെന്നും കരുതുന്ന ചിലർ, പഴയകാലകാമ്പസ്*



*മാത്രമാണ് മാതൃകാപരം എന്ന ആശയത്തെ ചോദ്യം ചെയ്യുന്നു. കാലത്തിനനുസരിച്ച് ലോകം മാറുന്നു. ലോകമാറ്റം, കാമ്പസിലും പ്രതിഫലിക്കുന്നു. എന്നും ഒരേപോലെ കാമ്പസും ഇരിക്കണമെന്നത് നിരാകരിക്കപ്പെടുന്നു. ഇന്നത്തെ ജീവിതത്തിൻെറ ആവശ്യങ്ങളെയറിയുന്ന തലമുറ അതിനനുസൃതമായ ചര്യയും സർഗ്ഗതാല്പര്യങ്ങളും വളർത്തിയെടുക്കപ്പെടുകയാണോ?*

*കമ്പസിലുള്ളവർ ഈ പഴിചാരുകൾക്ക് ചെവികൊടുക്കേണ്ടതില്ലേ? തൊട്ടുമുമ്പേ പോയ ഒരു തലമുറ, ചര്യകളേയും സ്വപ്നങ്ങളേയും കുറ്റപ്പെടുത്തുമ്പോൾ, ഇന്നിൻെറ കാമ്പസിനെ നിരാശയുടെ കറുപ്പിൽ ചാലിച്ചു ചേർക്കുമ്പോൾ, പുത്തൻ തലമുറയ്ക്ക് തലകുനിച്ചിരിക്കേണ്ടി വരുമോ? കാമ്പസു തന്നെ ഉത്തരം പറയട്ടെ.* ■

ബി. എസ്. സി. രണ്ടാം വർഷം, കെമിസ്ട്രി
കെ. ഷറഫുദ്ദീൻ
മഹ്മൂദ് മൂത്തേടത്ത്



# കണ്ണടച്ചിരുന്നാൽ കാലം മാപ്പ് തരുമോ?

## ക്യാമ്പസ് വിലയിരുത്തപ്പെടുന്നു

വർത്തമാനകാലത്തിൻെറ ചുവടുവെപ്പുകളും ഭാവിയുടെ ചുവരെഴുത്തുകളും അറിഞ്ഞിരിക്കേണ്ടവരാണ് യുവത. ഇന്നലേയുടെ വിസ്മയങ്ങൾക്ക് തിലകക്കുറി ചാർത്തിയ കാമ്പസ്, പ്രതീക്ഷയുടെ ആവേശത്തിൻെറ ജ്വാലകളായിരുന്നു. ദേശത്തിൻെറ, രാഷ്ട്രത്തിൻെറ വരുംകാലങ്ങളിലേക്ക് തിരുത്തൽശക്തി. കാമ്പസ് സാമൂഹികമാറ്റത്തിൻെറ ഉത്ഭവസ്രോതസ്സായിരുന്നു.

ഇതൊക്കെ പോയ്മറഞ്ഞ കാലത്തിൻെറ മാത്രം വീരസാഹസങ്ങളോ. മറഞ്ഞ്പോയിനിയൊരിക്കലും നല്ലൊരു കാലം വരികയില്ലെന്ന മനോഭാവമാണോ, കാമ്പസ് നിർജീവമിന്നെന്ന് കേഴുന്നതിനു പിന്നിൽ? ഗൃഹാതുരത്വത്തിൻെറ അന്ധതയിൽ മറഞ്ഞകാലം മാതൃകാപരം, വർത്തമാനകാലം മഹാദരിദ്രം, വരാനിരിക്കും നാളുകളോ നിരാശാഭരിതം എന്ന ചിന്താഗതിയോ, ഇന്നത്തെ കാമ്പസിനേയും ഇകഴ്ത്തിപ്പറയുന്നതിൽ സ്വാധീനിക്കുന്നത്?

കാമ്പസ് നിർജ്ജീവംതന്നെയോ? ചേതനയറ്റ ശരീരം. വിപ്ലവത്തിന് തിരി കൊളുത്തേണ്ടവർ, ഒത്തുതീർപ്പുകളുടെ എലിപ്പത്തായത്തിനകം. പ്രതികരിക്കേണ്ടവരിവർ, നിസ്സംഗതയുടെ മഞ്ഞുമറകൾക്കപ്പുറം അഭയം തേടിയിരിക്കുകയോ? സ്വാർത്ഥതയുടെ (പാറക്കടവ് പറയുന്ന പോലെ അവനവനിസ'ത്തിൻെറ) സുരക്ഷിതത്വമോ ഇളംതലമുറയുടെ ശാപം?

ചെറുപ്പക്കാർക്കുമുണ്ടാവും ഒരുത്തരം: ഇത് കാലത്തിൻെറ അനിവാര്യത. ഇത് ആഗോളവൽക്കരണത്തിൻെറ, നവ കാപ്പിറ്റലിസത്തിൻെറ സുവർണ്ണകാലം. ഇന്നലെ......., പ്ലീസ് ഷട്ട് അപ്. ഇന്നലേയ്ക്കേ ഇന്നലേയാകാൻ കഴിയൂ, ഇന്നിന് ഇന്നും. അല്ലെങ്കിൽ എങ്ങിനെയിവിടെയെത്തി, ആരുത്തരവാദി. പോയ തലമുറയ്ക്ക്, ഇത് അപചയമെങ്കിൽ കൈകഴുകിയിരിക്കാനാവുമോ.

കാമ്പസ്സ്
ചർച്ച ചെയ്തുകൊണ്ടേയിരിക്കുന്നല്ലോ.
നിശ്വാസങ്ങൾ, തീപ്പൊരികൾ, പഴിചാരലുകൾ.

3 ചോദ്യങ്ങൾ
4 പ്രതികരണങ്ങൾ

## പി. വത്സല

കഥാകൃത്ത്, നോവലിസ്റ്റ്

ചോദ്യം ഒന്ന്:

*സാമൂഹ്യാവസ്ഥകളോടും പ്രശ്നങ്ങളോടും ഇന്നത്തെ ക്യാമ്പസ് വെച്ചുപുലർത്തുന്ന മനോഭാവത്തെ എങ്ങിനെ വിലയിരുത്തുന്നു?*

കലാശാലകളിൽ പഠിക്കുന്ന കുട്ടികൾ ഒരു സമൂഹത്തിൻെറ സത്തയാണ്. മറ്റുള്ള ഭൂരിപക്ഷം കുട്ടികൾക്കും ലഭിക്കാത്ത പരിസരവും ചുറ്റുപാടുകളും അവർക്ക് ലഭിക്കുന്നുണ്ട്. ഓരോ നികുതിദായകനോടും കാമ്പസിലെ യുവാക്കൾ കടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവർക്ക് സമൂഹത്തോട് പ്രതിബദ്ധതയുണ്ടായിരിക്കണം. കോളേജ് കാമ്പസുകളിലെ യുവാക്കളിൽ ഒരു വലിയവിഭാഗം അവർ ജീവിക്കുന്ന സമൂഹത്തിൻെറ സത്യാവസ്ഥയെപ്പറ്റി വേണ്ടത്ര ബോധം ഇല്ലാത്തവരാണ്. പരിമിതമായ പാഠപുസ്തകങ്ങളിലൂടെ ചവിട്ടിക്കയറി ഇവിടെ എത്തിയ അവർ ജീവിതത്തെപ്പറ്റി പരിമിതവും വികലവുമായ അറിവ് വെച്ചുപുലർത്തുന്നു. ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് ഇതിന് അപവാദമായിരിക്കുന്നത്.

ചോദ്യം രണ്ട്:

*അനീതികളോടും ചൂഷണങ്ങളോടുംപൊരുത്തപ്പെടുന്നവരോ ഇന്നത്തെ യുവത?*

അനീതികളും ചൂഷണവും സമൂഹത്തിൽ എന്നും പെരുകിക്കൊണ്ടേ ഇരിക്കുന്നു. ഈ പ്രവണത നവീന നാഗരികതയുടെ അനിവാര്യതയാണ്. Survival of the fittest എന്നതാണ് പുതിയ സമൂഹത്തിൻെറ മുദ്രാവാക്യം. ഇവിടെ ദുർബലരും പാവപ്പെട്ടവരും മറ്റുതലത്തിലുള്ള അവശതകൾ അനുഭവിക്കുന്നവരും സ്വാഭാവികമായി അവഗണിക്കപ്പെടുന്നു. ഈ അവസ്ഥയോട് പ്രതികരിക്കാനുള്ള താൽപര്യവും ആവേശവും കോളേജ് പ്രായത്തിൽ യുവാക്കളിൽ തീർച്ചയായും ഉണ്ട്. പക്ഷെ പ്രതികരണം സമൂഹചുറ്റുപാടുകളെ ആശ്രയിച്ചിരിക്കുന്നു. വിദ്യാർത്ഥിസംഘടനകൾ ആദർശത്തിൻെറ പിൻബലത്തിൽ ആവേശംകൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു കേരളത്തിൽ. ഇന്ന് ആവേശത്തിനുപകരം അവരുടെ കയ്യിൽ വ്യത്യസ്ത പാർട്ടിക്കാരുടെ കൊടികളും ചുണ്ടിൽ മുദ്രാവാക്യങ്ങളുമാണുള്ളത്. മറിച്ച് അരാഷ്ട്രീയരായിരിക്കുന്ന ഒരു ന്യൂനപക്ഷവും ക്യാമ്പസിലുണ്ട്. ഇവരുടെ ലക്ഷ്യം ഉന്നതങ്ങളിൽ കയറിപ്പറ്റാനുള്ള ശ്രമവും ഉയർന്ന പരീക്ഷയിൽ വിജയംനേടലുമാണ്. ആവേശവും ആദർശവും മനസ്സിൽ മുളച്ചുയരേണ്ട ഒരു കാലഘട്ടത്തിൽ യുവാക്കൾ ആത്മാർത്ഥതയും ആർജ്ജവവും ഇല്ലാത്തവരായി പരിണമിക്കുക എന്നത് സാമൂഹ്യമൂല്യങ്ങളുടെ അപചയത്തെയാണ് കാണിക്കുന്നത്.

ചോദ്യം മൂന്ന്:

*സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ക്യാമ്പസിൻെറ ഇന്നത്തെ അവസ്ഥയെക്കുറിച്ചെന്തുപറയാനുണ്ട്?*

ശാന്തമായ ഒരന്തരീക്ഷത്തിൽ മാത്രമാണ് സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾ വളർന്നുവികസിക്കുന്നത്. സമൂഹത്തിലെ അശാന്തിയും അനീതിമൂല്യരാഹിത്യം തുടങ്ങിയവയും സ്വാഭാവികമായും യുവാക്കളുടെ മനസ്സിൽ എത്തുന്നു. ക്യാമ്പസുകൾ ഉന്നതമായ ബൗദ്ധികനിലവാരത്തിലേക്ക് നയിക്കേണ്ടവയാണ്. അനന്തവും ഗാഢവുമായ വിജ്ഞാനം കലാശാലകളിലെ വിദ്യാർത്ഥികൾക്ക് മാനസികവികാസം ഉണ്ടാക്കേണ്ടതാണ്. പക്ഷെ സംഭവിക്കുന്നത് ഭൂരിപക്ഷം അദ്ധ്യാപകരും കലാശാലാബാഹ്യമായ പലവിധം പ്രവർത്തനങ്ങളിൽ തൽപരരാണ്.

യുവാക്കൾക്ക് മാർഗ്ഗദർശനം നൽകാൻ അവർക്ക് സമയമില്ല. ഭാരിച്ച തുക ശമ്പളം പറ്റുന്ന "ഉദ്യോഗസ്ഥർ" മാത്രമായി അയാൾ മാറിയിരിക്കുന്നു. അന്തരംഗങ്ങളിൽ മുളച്ചുവരുന്ന സർഗ്ഗവാസനകളെ കണ്ടെത്താനും പരിപോഷിപ്പിക്കാനും നമ്മുടെ പരമ്പരാഗതമായ പാഠ്യപദ്ധതിയും അനുവദിക്കുന്നില്ല. മറ്റൊരു കാര്യമുള്ളത് സ്പോർട്സ്, സംഗീതം, ചിത്രകല തുടങ്ങിയവയിൽ താൽപര്യം പ്രകടിപ്പിക്കുന്നവർ എപ്പോഴും അക്കാദമിക് വിദ്യാഭ്യാസത്തിൻെറ പുറത്താണ്. ഈ അവസ്ഥക്ക് മാറ്റം വരുത്താനാണ് രവീന്ദ്രനാഥടാഗോർ ശാന്തിനികേതനും വിശ്വഭാരതിയും സ്ഥാപിച്ചത്. ഈ കലാലയങ്ങൾ പോലും സ്വാതന്ത്ര്യഭാരതത്തിൽ അവഗണിക്കപ്പെട്ട ഇന്നത്തെ അവസ്ഥയിൽ കാമ്പസിനകത്ത് സർഗാത്മകതയുടെ കളങ്ങൾ വിരിയുന്നില്ല. വിരിഞ്ഞാലും കരിഞ്ഞുപോകുന്നു.



പി. വത്സല

## എ. സഹദേവൻ

മാതൃഭൂമി ആഴ്ചപ്പതിപ്പ് പത്രാധിപസമിതി അംഗം

ചോദ്യം ഒന്ന്

*സാമൂഹ്യാവസ്ഥകളോടും പ്രശ്നങ്ങളോടും ഇന്നത്തെ ക്യാമ്പസ് വെച്ചുപുലർത്തുന്ന മനോഭാവത്തെ എങ്ങിനെ കാണുന്നു?*

ക്യാമ്പസ് എക്കാലത്തും ശബ്ദങ്ങളുടേയും ചലനങ്ങളുടേയും വേദിയാ

യിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ ആ ശബ്ദങ്ങളും ചലനങ്ങളും സാമൂഹികമായ അവസ്ഥകളും, മറ്റു മേഖലകളിലുള്ള പ്രവർത്തകരുടെ മുന്നേറ്റങ്ങൾ രൂപപ്പെടുത്തുന്നപോലേയും സ്വാധീനിക്കുന്നപോലേയും സഹായിച്ചിരുന്നുള്ളൂ എന്നു കാണും. ചുരുങ്ങിയത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഇന്ത്യൻ ക്യാമ്പസുകൾ ജീവിതത്തിൻെറ മുഖ്യധാരയെ, അവരുടെ ചിന്താഗതി കൊണ്ട് വിദ്യാർത്ഥിശക്തികൊണ്ട് പരിപോഷിപ്പിച്ചിരുന്നു എന്നു സമ്മതിച്ചുകൊടുക്കാൻ എനിക്ക് പ്രയാസമുണ്ട്.

സ്റ്റുഡൻറ്സ് പൊളിറ്റിക്സ്, വിദ്യാർത്ഥികളുടെ മനുഷ്യാവകാശലംഘനങ്ങളെപ്പോലും യഥാർത്ഥമായി കണ്ടിരുന്നുവോ എന്ന് ഞാൻ സംശയിക്കുന്നു. വിദ്യാർത്ഥിയുടെ മനുഷ്യാവകാശലംഘനം അവരുടെ കുടുംബത്തിൻേറയും സമൂഹത്തിൻേറയും സാമൂഹ്യ സാമ്പത്തിക പരിസ്ഥിതി ഒരിക്കലും ബന്ധിപ്പിച്ച് കണ്ടിരുന്നില്ല. അധികാരികളിൽ നിന്നും യാഥാസ്ഥിതികചിന്തയിൽ നിന്നും, സ്വയം സ്വരൂപിച്ച് വെക്കുന്ന അന്ധവിശ്വാസത്തിൽ നിന്നും സമൂഹം എങ്ങിനെ കഷ്ടപ്പെട്ട് അത് ശ്രവിക്കുന്നുവെന്ന് കണ്ടെത്താൻ വിദ്യാർത്ഥി സമൂഹത്തിന് സ്വാതന്ത്ര്യാനന്തരഇന്ത്യയിൽ കഴിവുണ്ടായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ഇന്ത്യൻ നേതൃത്വത്തിൻെറയും അജണ്ടക്ക് ഐക്യരൂപവും സമന്വയസ്വഭാവവും ഉണ്ടായിരുന്നു. സ്വാതന്ത്ര്യവും സാമൂഹികമുന്നേറ്റവും കോളണൈസേഷൻെറ സാംസ്കാരികമായ ആദേശം ചെയ്ത് തനത് പൈതൃകത്തിൻേറയും ദേശീയതയുടേയും പുനഃപ്രതിഷ്ഠ ലക്ഷ്യമാക്കിയിരുന്ന ആ കാലം. അത് സെക്യുലറിസ്റ്റ് കാഴ്ചപ്പാടിലുമായിരുന്നു.

ആ മുന്നേറ്റത്തിന്നു തുടർച്ച സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ നമ്മുടെ കാമ്പസുകൾക്ക് കൈമോശം വന്നു എന്ന വിശ്വാസക്കാരനാണ് ഞാൻ. നിശിതമായ നിരീക്ഷണത്തിൽ നമ്മുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും നാം നൽകുന്ന പ്രാമുഖ്യക്രമം പോലും കീഴ്മേൽമറിഞ്ഞു എന്നാണ് ഞാൻ കരുതുന്നത്.

ചോദ്യം രണ്ട്:

*അനീതികളോടും ചൂഷണങ്ങളോടും പൊരുത്തപ്പെടുന്നവരോ ഇന്നത്തെ യുവത?*

സമൂഹവുമായി ക്യാമ്പസ് തിരിച്ചറിവിന് ശ്രമിക്കുന്നില്ല. അതിനാൽ കാത്തിരിക്കുന്ന ചൂഷണത്തോടും അഴിമതിയോടും അവൻ നിസ്സംഗനായി വർത്തിക്കുന്നു.

ചോദ്യം മൂന്ന്:

*സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ക്യാമ്പസിൻെറ ഇന്നത്തെ അവസ്ഥയെക്കുറിച്ചെന്തുപറയാനുണ്ട്?*

സാഹിത്യത്തിലായാലും കലയിലായാലും ശബ്ദത്തിലായാലും സർഗ്ഗാത്മകത, കൂട്ടായ്മയുടെ ഫലമല്ല എന്നതിനാൽ, ക്യാമ്പസ് എക്കാലത്തും ചിന്തയുടെയും വിചാരത്തിൻേറയും ഭാവനയുടേയും മാപിനിയിൽ ഒരേ തലമാണ് രേഖപ്പെടുത്തുന്നത്. പക്ഷേ മുൻ കാരണങ്ങളാൽ സർഗാത്മകത, സമൂഹത്തെ ചലിപ്പിക്കുന്നവിധം സംയോജിപ്പിക്കപ്പെടുന്നില്ല.

## എം. ശോഭീന്ദ്രൻ

ഡിപാർട്മെൻറ് ഓഫ് ഇകണോമിക്സ്,
സാമൂരിൻസ് ഗുരുവായൂരപ്പൻ കോളേജ്

ചോദ്യം ഒന്ന്:

*സാമൂഹ്യാവസ്ഥകളോടും പ്രശ്നങ്ങളോടും ഇന്നത്തെ ക്യാമ്പസ് വെച്ചുപുലർത്തുന്ന മനോഭാവത്തെ എങ്ങിനെ വിലയിരുത്തുന്നു?*

ഉത്തരവാദിത്തമുള്ള ഒരു യുവതലമുറയാണ് കാമ്പസിലുള്ളത്. എന്നാൽ പ്രതികരണശേഷി കുറഞ്ഞുവരുന്ന അവർക്ക് നാളെ നാമാണ് സമൂഹത്തെ നയിക്കേണ്ടത് എന്ന ബോധം ഉണ്ടെന്ന് തോന്നുന്നില്ല. സമൂഹത്തിൻെറ ഏറ്റവും ചെറിയ മാതൃകയായ കുടുംബത്തിൻെറ പ്രതീക്ഷ നിറവേറ്റാൻ 10–15% ത്തിന് മാത്രമെ കഴിയുന്നുള്ളൂ. എന്തിന് വേണ്ടി ക്യാമ്പസിൽ വന്നു എന്നറിയാത്ത അവൻ ടി.വി.യുടെ മുന്നിലിരുന്ന് കാഴ്ചക്കാരനാവാൻ പഠിച്ചിരിക്കുന്നു. അർത്ഥവത്തായ പ്രതികരണം കാമ്പസിൽനിന്നുണ്ടാകുന്നില്ല. പ്രവർത്തനങ്ങളിലൂടെയുള്ള പ്രതികരണം നഷ്ടപ്പെട്ട് മുദ്രാവാക്യങ്ങളിലൂടെയായി മാറിയിരിക്കുന്നു എന്നത് ഒരു ദുഃഖസത്യമാണ്.

ചോദ്യം രണ്ട്:

*അനീതികളോടും ചൂഷണങ്ങളോടും പൊരുത്തപ്പെടുന്നവരോ ഇന്നത്തെ യുവത?*

പൊരുത്തപ്പെടുന്നില്ല. ചുറ്റും നടക്കുന്നത് ശരിയല്ല എന്ന അറിവുണ്ട്. പക്ഷെ അവയെങ്ങനെ മാറ്റിയെടുക്കാം എന്നതിനെക്കുറിച്ച് ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ അവർക്കൊരു രൂപവുമില്ല. എന്ത് ചെയ്യണമെന്നറി



എം. ശോഭീന്ദ്രൻ

# കണ്ണടച്ചിരുന്നാൽ കാലം മാപ്പു തരുമോ?

യാത്ത നിസ്സംഗതാവസ്ഥയിൽ നിന്നും ഒന്നും ചെയ്യാൻ കഴിയില്ല എന്ന് അവർ തീരുമാനിക്കുന്നു. വളരെ ചുരുങ്ങിയ ശതമാനം യുവശക്തിയേ കാമ്പസിലുള്ളൂ. വിദ്യാർത്ഥികളുടെ അമർഷം ആളിക്കത്തിക്കാൻ സമൂഹത്തിൽ നിന്ന് ജ്വാലവേണം. പക്ഷേ കോടികൾ കട്ടുമുടിക്കുന്നവർക്ക് നേരെ ഒരു കല്ലേറ്പോലും വരാത്തത് കാമ്പസിന് പുറത്തുള്ള യുവശക്തി ഉണർവും വീര്യവുമില്ലാതെ ഉണങ്ങിക്കിടക്കുകയാണെന്നതിന് തെളിവാണ്.

ചോദ്യം മൂന്ന്:

*സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ ക്യാമ്പസിൻെറ ഇന്നത്തെ അവസ്ഥയെക്കുറിച്ചെന്തുപറയാനുണ്ട്?*

സർഗ്ഗാത്മക പ്രവർത്തനങ്ങൾ കാമ്പസിൽ നിന്ന് വേരറ്റ് പോയിക്കൊണ്ടിരിക്കുകയാണ്. സ്പോർട്സ് ഡേയിലെ പങ്കാളിത്തക്കുറവും, ചർച്ചകളിലെയും സംവാദങ്ങളിലെയും നിർജ്ജീവതയും ഇതാണ് കാണിക്കുന്നത്. എല്ലാം കണ്ടാൽ മതി എന്ന വിചാരം കാമ്പസിൻെറ 'ഡൈനാമിസ'വും യുവതത്തിൻെറ ചുറുചുറുക്കും ചാലകശക്തിയും നഷ്ടപ്പെടുത്തി. നിഷ്ക്രിയരായ വിദ്യാർത്ഥികളെ ഉണർത്തി സർഗ്ഗാത്മകമായി അവരെ ഉത്തേജിപ്പിക്കാൻ സമൂഹത്തെ മനസ്സിലാക്കുന്ന അധ്യാപകരും ചിന്തിക്കുന്ന വിദ്യാർത്ഥികളും മുൻകൈ എടുക്കണം.

## പി.കെ. പാറക്കടവ്

കഥാകൃത്ത്, സഹപത്രാധിപർ മാധ്യമം

ചോദ്യം ഒന്ന്:

*സാമൂഹ്യാവസ്ഥകളോടും പ്രശ്നങ്ങളോടും ഇന്നത്തെ ക്യാമ്പസ് വെച്ചുപുലർത്തുന്ന മനോഭാവത്തെ എങ്ങിനെ വിലയിരുത്തുന്നു?*

സാമൂഹ്യാവസ്ഥകളോടും പ്രശ്നങ്ങളോടും മുഖം തിരിച്ചുനിൽക്കുന്നു ഇന്നത്തെ വിദ്യാർത്ഥികൾ. എഴുപതുകളിലെ ചൂടും ഉണർവും ഇന്നില്ല. ബാഹ്യമായ പകിട്ടുകളിൽ അവർ തളയ്ക്കപ്പെട്ടിരിക്കുന്നു.

ചോദ്യം രണ്ട്:

*അനീതികളോടും ചൂഷണങ്ങളോടും പൊരുത്തപ്പെടുന്നവരോ ഇന്നത്തെ യുവത?*

അനീതികളോടും ചൂഷണങ്ങളോടും ഇന്നത്തെ കാമ്പസ് പൊരുത്തപ്പെടുകയാണ് എന്നു ഞാൻ പറയില്ല. നീതികേടിനെതിരെ ഞരമ്പുകളിൽ അഗ്നിപർവ്വതവുമായി പൊട്ടിത്തെറിക്കേണ്ടവർ 'അവനവനിസ'ത്തിലേക്ക് ഉൾവലിയുന്നു. ഇത് അവരുടെ മാത്രം കുഴപ്പവുമല്ല. പുറത്ത് "നീതിക്ക് വേണ്ടി കരഞ്ഞുഴന്നീടുന്ന" ഒരു ന്യൂനപക്ഷമെങ്കിലുമുണ്ടെങ്കിലേ നമ്മുടെ വിദ്യാർത്ഥികൾക്ക് അതിൽനിന്ന് തീ കൊളുത്താനാവൂ. വ്യവസ്ഥിതിയോട് കലഹിക്കാതെ ചീഞ്ഞളിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലോകമാണ് കാമ്പസിനു പുറത്തുമുള്ളത്.

ചോദ്യം മൂന്ന്:

*സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ക്യാമ്പസിൻെറ ഇന്നത്തെ അവസ്ഥയെക്കുറിച്ചെന്തുപറയാനുണ്ട്?*

എന്നും വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ചെറിയ ഒരു ന്യൂനപക്ഷമേ കാമ്പസുകളിലുണ്ടായിരുന്നുള്ളൂ. അതിന്നുമുണ്ട്. എന്നുമുണ്ടാവും.

കലയും സാഹിത്യവുമൊന്നും ഒരിടത്തും ഒരിക്കലും ബഹുജനത്തിൻേറതായിരുന്നില്ലല്ലോ.

കുന്നിൻപുറത്ത്, ചവോക്ക് മരങ്ങൾക്കിടയിലൂടെ ഒരാൾ ഒറ്റയ്ക്ക് അലസമായി നടന്നുപോകുന്നുണ്ട്.

സൂക്ഷിച്ചുനോക്കൂ. അവൻെറ കണ്ണുകളിൽ തീയുണ്ട്. മനസ്സിലും.

*തീർച്ച, കാമ്പസ് കണ്ണടച്ചിരുന്നാൽ കാലം മാപ്പ്തരില്ല. യുവത അചേതന മനസ്സുകളുടെ നിരാശാതലമെന്ന്, നിർജ്ജീവ നിസ്സംഗ വിചാരങ്ങളുടെ ശവപ്പറമ്പെന്ന് പലരും ഉച്ചത്തിൽ പറയുമ്പോഴും, വികാരരഹിതമായ ശൈത്യത്തിനടിപ്പെട്ട് ബുദ്ധിമാന്ദ്യത്തിൻെറ ഒരു ചിരിയും ചിരിച്ച് ചോറിമാന്തിയിരിക്കുകയോ.*

*ചങ്ങാതീ, എന്തെങ്കിലുമൊന്ന് പറയൂ.*

*പറയുകയെങ്കിലും ചെയ്യൂ.*

*പറ.*

*പോയ തലമുറയാണ് ഈ പക്ഷാഘാതത്തിന് കാരണമെന്നെങ്കിലും ഉച്ചത്തിൽ പറയൂ.*

*മതാന്ധതക്കും അഴിമതിക്കും വഴിവിട്ട വാണിഭങ്ങളും അനീതിയും സർഗ്ഗനിശ്ചലതയും നിങ്ങളെയൊരിക്കലും ബാധിക്കയില്ലെന്നോ.*

*ഓർക്കുക*

*കണ്ണടച്ചിരുന്നാൽ കാലം മാപ്പ്തരില്ല.* ■

പി. കെ. പാറക്കടവ്



സലീം കെ. കെ.
ബി. എ. രണ്ടാംവർഷം, എക്കണോമിക്സ്

# മാറുന്ന വിദ്യാർത്ഥി



വിദ്യാർത്ഥികളെ കുറിച്ചും കാമ്പസിനെ കുറിച്ചും പരമ്പരാഗതമായി കൈ മാറി വന്നിട്ടുള്ള ഒരു ധാരണ തന്നെയാണ് ഇപ്പോഴും വെച്ച് പുലർത്തുന്നത്. ഈ ധാരണയുടെ നിജസ്ഥിതിയറിയാനുള്ള ശ്രമം നാം നടത്താറില്ല.

ഒരു വ്യക്തിയിൽ ഏറ്റവുമധികം മാറ്റങ്ങൾ വരുത്തുന്ന കാലമാണ് കൗമാരം. സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും കോളേജ് വിദ്യാഭ്യാസത്തിലേക്ക് ഒരു വിദ്യാർത്ഥിയെ പറിച്ച് നടുമ്പോൾ അവന് നരകത്തിൽ നിന്നും സ്വർഗ്ഗത്തിലെത്തിയ പ്രതീതിയാണ് ലഭിക്കുന്നത്. അതുകൊണ്ട് തന്നെയാണ് പൂർണ്ണമായും പക്വതയെത്താത്ത അവൻെറ മനസ്സിൽ പല ചാപല്യങ്ങളും കടന്നുവരുന്നത്.

ഈ ചാപല്യങ്ങൾ തന്നെയാണ് അവനെ വികൃതിയും അക്രമകാരിയുമാക്കുന്നത്. പുതുതായി കലാലയത്തിൽ ചേർന്ന ഒരു വിദ്യാർത്ഥിക്ക് താൻ യൗവനത്തിലേക്ക് കടന്നു എന്ന ഒരു ധാരണയുണ്ടാവുന്നു. എന്നാൽ സമൂഹം അവനെ അപ്പോഴും ഒരു ബാലനായിമാത്രമേ കാണുന്നുള്ളൂ. അതിനാൽ അവനെ വേണ്ടവിധത്തിൽ ശാസിക്കുവാനും , സമൂഹം തയ്യാറായിരുന്നില്ല.

ഈ വികൃതികൾ ഒറ്റക്കും കൂട്ടമായുമുള്ള റാഗിങ്ങിൽ ചെന്നവസാനിച്ചു. അക്രമാസക്തമായ പ്രകടനങ്ങളിലേക്കും നശീകരണ സ്വഭാവത്തിലേക്കും ഇത് വിദ്യാർത്ഥികളെ നയിച്ചു. വിദ്യാർത്ഥികൾ രാഷ്ട്രീയമായി സംഘടിക്കുന്നത് നല്ലത്തന്നെയായിരുന്നു. കാരണം വിദ്യാർത്ഥിക്ക് മാത്രം രാഷ്ട്രീയം അന്യമാകുന്നത് ശരിയല്ലല്ലോ. കൂടാതെ വിദ്യാർത്ഥികൾ മതപരമായോ ജാതിപരമായോ മറ്റോ സംഘടിക്കുന്നത് കൂടുതൽ അപകടങ്ങൾ വരുത്തിവെക്കുവാനേ ഉതകൂ. എന്നാൽ അക്രമാസക്തമായ പ്രകടനങ്ങളും കൊലപാതകങ്ങളും ഒന്നും ന്യായീകരിക്കാവുന്ന ഒന്നായിരുന്നില്ല. ഇവയെല്ലാമായിരുന്നു പഴയ വിദ്യാർത്ഥിസമൂഹത്തെക്കുറിച്ച് സമൂഹത്തിന് തെറ്റായ ഒരു ധാരണ ഉണ്ടാകുവാൻ കാരണമായത്.

പഴയകാല വിദ്യാർത്ഥികളെ കുറിച്ച് പറയുമ്പോൾ അവരുടെ സംഘടിതശക്തികൊണ്ട് നേട്ടങ്ങളുമുണ്ടായിരുന്നു എന്നതും വിസ്മരിക്കുന്നില്ല. പല വിപ്ലവപ്രസ്ഥാനങ്ങളും സ്വതന്ത്രസമരസേനാനികളുമെല്ലാം ആ കാലത്ത് ഉയർന്നുവന്നിരുന്നു എന്നത് ഒരു നേട്ടമായിരുന്നു.

ഇന്ന് വിദ്യാർത്ഥിസമൂഹം ആകെ മാറിയിരിക്കുന്നു. ഒരു വിപ്ലവാത്മക വിദ്യാർത്ഥി സമൂഹമല്ല ഇന്ന് വളർന്ന്


വരുന്നത്. അവരുടെ താൽപ്പര്യങ്ങൾ മറ്റുപലതുമാണ്. അതുകൊണ്ട്തന്നെ സമാധാനപ്രിയരായ സ്നേഹവും കാരുണ്യവും മാത്രമുള്ള ഒരു വിദ്യാർത്ഥി സമൂഹമാണ് ഇന്ന് വളർന്ന്വരുന്നത്. പഴയ ആ ധാരണ സമൂഹത്തിൽ ഇതു കാരണം വേരോടിക്കിടക്കുന്നു.

ക്യാംപസ് സമൂഹത്തിലെ സജീവമായ ഒരു കണ്ണിയായി വർത്തിക്കുകയാണ് ചെയ്യുന്നത്. പുസ്തകങ്ങൾ പകർന്ന് നൽകുകയും അദ്ധ്യാപകർ പറഞ്ഞ്കൊടുക്കുകയും ചെയ്യുന്ന വിദ്യകൾ മാത്രമല്ല കാപസിൽ നിന്നും ഇന്നത്തെ വിദ്യാർത്ഥി പഠിക്കുന്നത്. വിദ്യാർത്ഥികൾ തമ്മിലുള്ള വിനിമയത്തിൽ നിന്നും പുതുതായ ഒരു സാംസ്കാരികത വിദ്യാർത്ഥി നേടുന്നു.

പഴയകാല വിദ്യാർത്ഥിക്ക് ഏറെകുറെ അദ്ധ്യാപകരും പുസ്തകങ്ങളും നൽകുന്ന അറിവുകൾ മാത്രമേ ലഭിച്ചിരുന്നുള്ളൂ. മറ്റു മീഡിയകളിൽ നിന്നുള്ള അറിവുകൾ പരിമിതമായിരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ഇന്നത്തെ പോലെ സജീവമായിരുന്നില്ല. അതിനൊപ്പം അന്ന് വിദ്യാർത്ഥികൾ തങ്ങളുടെ ശ്രദ്ധ മറ്റുപലതിലേക്കും തിരിച്ചു. അങ്ങനെ പലരും മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായി. സാമൂഹിക-സാംസ്കാരിക-മതസംഘടനകളുടെ ബോധവത്ക്കരണം മൂലം ഇന്ന് ഏറെക്കുറെ ഈ അവസ്ഥ മാറിയിട്ടുണ്ട്.

എന്നാൽ പഴയ വീഞ്ഞ് പുതിയ കുപ്പിയിലാവുക മാത്രമേ ചെയ്തിട്ടുള്ളു എന്നതാണ് ആരോപണം. ഏറെകുറെ ഇതിലും സത്യമുണ്ട്. ഇന്ന് മദ്യത്തിനും പുകവലിക്കുമെല്ലാം ഒരു തിന്മയുടെ സ്വഭാവമായിട്ടല്ല സമൂഹം കാണുന്നത്. ഇതിന് പിന്നിൽ ചലച്ചിത്രങ്ങൾക്കും പരസ്യങ്ങൾക്കും മറ്റു മീഡിയകൾക്കും വലിയ പങ്കുണ്ട്. സിനിമയിൽ നായകൻ സ്റ്റണ്ടിന് മുമ്പ് മദ്യപിക്കുകയും ശേഷം വിജയിക്കുകയും ചെയ്യുന്നു. മാന്യന്മാരാണ് വെള്ളിത്തിരയിൽ മദ്യം ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ പലരും ഇത് ഒരു തെറ്റായിക്കാണുന്നില്ല.

പഴയകാലവിദ്യാർത്ഥി അനുഭവിച്ച സാമ്പത്തിക പരാധീനതകൾ ഇന്നത്തെ തലമുറക്കില്ല. അവൻ തൻെറ സമയം വിനോദങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നു. ചിലർ ക്രിക്കറ്റോ മറ്റോ കളിച്ച് സമയം ചെലവഴിക്കുന്നു. ചിലർ ഇതിന് പോലും തയ്യാറാവുന്നില്ല എന്നതാണ് സത്യം. ഇവർ മണിക്കൂറുകളോളം കണ്ണും മിഴിച്ചിരുന്ന് കളി കാണാൻ മാത്രമേ ഇഷ്ടപ്പെടുന്നുള്ളു എന്നതാണ് ഏറെ രസകരം.



ഇന്നത്തെ കാംപസിൽ ഗ്രാമീണരും നഗരവാസികളും ഏറെകുറെ തുല്യമാണ്. ഈ രണ്ട് വിഭാഗങ്ങളും കാംപസിൽ തങ്ങളുടെതായ സാംസ്കാരിക രീതികൾ പുറത്തെടുക്കുന്നു. ചില ഗ്രാമീണ വിദ്യാർത്ഥികൾ നഗരസ്വഭാവത്തിലേക്ക് നീങ്ങുന്നു. ചിലർ തിരിച്ചും. രണ്ടായാലും പുതിയ ഒന്ന് ഉടലെടുക്കുന്നു. ഈ സാംസ്കാരികമാറ്റമെല്ലാം ഓരോ വിദ്യാർത്ഥിയും തൻെറ നാടുകളിലെത്തിക്കുന്നു. ഇത് നാട്ടിലെ തൻെറ സുഹൃദ്‌വലയം ഏറ്റടുക്കുകയും അങ്ങിനെ അവിടെ ഒരു പുതിയ രീതി ഉടലെടുക്കുകയും ചെയ്യുന്നു. ഇങ്ങിനെ വിദ്യാർത്ഥികൾ ഒരു മീഡിയയായി പ്രവർത്തിക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ, വിദ്യാർത്ഥികളിൽ വിജ്ഞാനം പങ്ക് വെക്കുന്ന സ്വഭാവം ഇല്ലാതാവുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആധുനിക വിദ്യാർത്ഥിയുടെ സംസാരവിഷയം ചില നിസ്സാരവിഷയങ്ങളിലൊതുങ്ങുന്നു. ക്ലാസ് വിഷയങ്ങൾ, സൗഹൃദസംഭാഷണങ്ങൾ ഇവ വിട്ട് വല്ലപ്പോഴും മറ്റു വിഷയങ്ങൾ വരികയാണെങ്കിലും അത് കേവല വിദ്യാർത്ഥിരാഷ്ട്രീയമോ, ക്രിക്കറ്റ് പോലുള്ള സ്പോർട്സ് ഐറ്റമോ, ഏതെങ്കിലും ചലച്ചിത്രരംഗമോ മാത്രം ആയിരിക്കും. ഫാഷൻെറ ഉത്ഭവം പലതും ചലച്ചിത്രങ്ങളിൽനിന്നാണെങ്കിലും അവ സമൂഹത്തിലെത്തിക്കുന്നത് ടീനേജും കാംപസും തന്നെയാണ്. വസ്ത്രരംഗത്ത് മിന്നിപ്പതയുന്ന പല ഫാഷനുകളും വെള്ളിത്തിരയിൽ നിന്നും നേരിട്ട് കാംപസിലെത്തുന്നതാണ്. വെള്ളിത്തിരയിലെ വിജയ പരാജയങ്ങൾ തീരുമാനിക്കുന്നതിൽ കാംപസിൻെറ പങ്ക് നിർണ്ണായകമാണ്. സംഗീതരംഗത്തും കാംപസിൻെറ പങ്ക് നിർണ്ണായകമാണ്. മലയാളഗാനങ്ങളേക്കാളുപരി തമിഴ് ഗാനങ്ങളും തമിഴിനേക്കാളുപരി ഹിന്ദിയും ഹിന്ദിയേക്കാളുപരി ഇംഗ്ലീഷുമാണ് ടീനേജിന് ഇപ്പോൾ പ്രിയം.

സ്പോർട്സ്‌രംഗത്താണെങ്കിൽ കൂടുതൽ പേരും ഇഷ്ടപ്പെടുന്നത് ക്രിക്കറ്റ് തന്നെയാണ്. അസ്ഹറും സച്ചിനുമെല്ലാം ഇഷ്ടതാരങ്ങളാവുമ്പോൾ ഫുട്ബോളും ടെന്നീസും ഇഷ്ടപ്പെടുന്നവരും ഇല്ലാതില്ല. ബൂട്ടിയ, വിജയൻ, പയസ് - ഭൂപതി പോലുള്ളവർ ഇന്ത്യൻ താരങ്ങളെന്ന നിലയിൽ ഇഷ്ടപ്പെടുന്നവരാണെങ്കിലും ലോകാടിസ്ഥാനത്തിൽ പ്രിയം തീരുമാനിക്കുന്നത് ഫ്രാൻസ് '98ഉം വിംബിൾഡൻ '98ഉം തന്നെയാണ്.

കാംപസിൽ കൂടുതൽ പേരും ഇഷ്ടപ്പെടുന്ന മാധ്യമം ടെലിവിഷൻ തന്നെയാണ്. ചലച്ചിത്ര - സ്പോർട്സ് പരിപാടികളാണ് ഇതിൽ കാംപസ് ഇഷ്ടപ്പെടുന്നത്. ടെലിവിഷൻെറ ആഗമനം വായനാശീലത്തെ ഇല്ലാതാക്കികൊണ്ടിരിക്കുകയാണ്. കൂടാതെ വായനാരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തുവാനും ടെലിവിഷൻ കാരണമായിട്ടുണ്ട്.

ടീനേജിന് കോമിക് പ്രസിദ്ധീകരണങ്ങളേക്കാളും പ്രിയം ബ്യൂട്ടി - ഫിലിം മാഗസിനുകളോടാണ്. അതുകൊണ്ടാണ് ഫിലിം ഫെയർ, സ്റ്റാർ ഡസ്റ്റ്, ഫെമിന, ന്യൂ വിമൺസ് എന്ന ഫാൻസി പോലുള്ള പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ ഓരോ മാസവും ലക്ഷങ്ങൾ പിന്നിടുന്നത്.

കാമ്പസിൻെറ മാറ്റങ്ങൾ ഒരുപക്ഷേ നന്മയിൽ നിന്ന് തിന്മയിലേക്കായേക്കാം. തിന്മയിൽ നിന്ന് നന്മയിലേക്കായേക്കാം. ഏതായാലും ശരിഭാവി സമൂഹത്തിൽ ഒരു വലിയ മാറ്റം വരുത്തുന്ന ഒരു വിദ്യാർത്ഥി സമൂഹമാണ് ഇന്ന് വളർന്ന് വരുന്നത്. വിദ്യാർത്ഥികളുടെ ഇപ്പോഴത്തെ ചില താൽപര്യങ്ങൾ സ്ഥായിയായി നിലനിന്നേക്കാം. എന്നിരുന്നാലും കൂടുതൽ താൽപ്പര്യങ്ങളും മാറി പുതിയവ വരാനാണ് സാധ്യത. ■

**ARAVIND. P**



# THE JAMBOREE

Life in lush green campus is ofcourse sprightly blissful. Indeed its here that many find `life' worth living. Its an Eden for some to fly around feely after bouncing out of the cocoons of school life.

Many become nostalgic when they are reminded of their campus life. They remembar, quite enviousely, those days of bright sun and great fun, of Jeans and skirts, of those daring eve-teasing sessions, of those first day first shows (not the [v] version of it) after bunking classes, those clandestine tete-a-tete with their hearthrob, of those hectic practical hours, of those zzzleepy lectures, of those wild dances at the college day functions, of such carefree state of mind, and of those farewell parties that reveales the bare fact that every thing is sceptically ephemeral.

But even this short span of life in campus can put a genuine influence on our personality. A student who walks into the campus with a bright record has no guarantee of walking out with the same. He may end up walking out with a dead one, if he gets over inclined by those `Dark aspects' connected to the same campus.

The RDS or the Romantic Disposition Syndrome is one such aspect Males and females in campus are vigilant round the clock for the perfect partner, one who has the out and out precise appeal, it may be his or her hair, complexion, innocence, dressing or still worst, the aroma of their imported perfume. And once they have found one (after necessary compramises of course)then, as they say "they are in", they put themselves in jack and rose's shoes and then, its a "you Jump, I Jump" situation. Every thing else is kept apart and academics completely neglected. As cyline Dion's song goes ``Love can touch us one time, and last for a life time". But how many Jacks and Roses in campus have ended up being life mates?. The answer may be astronomically negligible!

Come July and campus is reborn. Empty classes are filled with freshers. And this is when the senior students realise their supremacy. And they do all sorts of pricks and pranks ', to impress the new comers. The senior asserts his seniority over his juniors and the latter is totally helpless in front of this 'impertinent' correspondency. It is easy for a senior to thrust his RDS over a junior. And he is least discouraged when his Appli-(cotion?) is rejected as he is encouraged by his mirrors, opinion that he has a slight resemblence to some khans (not the 'Khader') And more over the so called modern Feminist lot give him all `tips and toes' that goes into his head.

And what happens to the new comer (with low self-esteem) when he witnesses all these? simple, he jumps head long in to the stream for the fear of being left out.

Have a look at what J.B. preistly has to say about student mobs" i am more depressed and revolted by these idiot processions with those banners and sltogans and mindless grinning faces, on their way to break windows, smash cars, burn furnitures and books, terrify women and children and to reduce international law, custom and sensible usages to chaos".

The results of such thoughless action are-more blame on lecturers, more tears in our parents eyes, more below standard graduates, more cases of cancer, more kids luring over pornograpgy, more school-girls turned mothers, more Ads wherein nude men and women pose embraced for a shoe promotion (low venture. eh?), more... and the list is endless.

So wake up comrade its time to realise our short comings let us try and make the campus a better place to live in. And the time is auspicious for it, as we are celebrating our 5th year. Let the year long Jamboree mark our transformation from careless teenagers to sensible youth. Our institution is in desperate need of young men and women with determination and courage to march towards new heights and glory. it all depends on our postive approach. As shakespeare puts it, "To be or not to be that is the question".